Deivarajyam February 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/2/2016
● Posted at Thodupuzha Stg.
Annual Subscription ₹100.00



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 55
ഫെബ്രുവരി 2016
ലക്കം 2

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



# ആദരാഞ്ജലികളോടെ...

## ദൈവസന്നിധിയിൽ 34 വർഷം



## മാർ മാത്യു പോത്തനാമൂഴി

**2016 ഫെബ്രുവരി 6**

അഭിവന്ദ്യ പിതാവിനുവേണ്ടി 06 – 02 – 2016 ശനിയാഴ്ച രാവിലെ 7.00 മണിയ്ക്ക് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലിയും തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കുന്നതാണ്.

പാവനസ്മരണകളോടെ
കോതമംഗലം രൂപത

## ജീവമെഡിക്കൽ സ്റ്റോർ വാഴക്കുളത്തും തൊടുപുഴയിലും



വാഴക്കുളം ജീവമെഡിക്കൽ സ്റ്റോറിന്റെ വെഞ്ചരിപ്പുകർമ്മം രൂപതാ വികാരിജനറാൾ പെരിയ ബഹു. മോൺ. ജോർജ് ഓലിയപ്പുറം നിർവ്വഹിക്കുന്നു.



തൊടുപുഴ ജീവമെഡിക്കൽ സ്റ്റോറിന്റെ വിതരണോദ്ഘാടനം പ്രത്യാശ റീഹാബിലിറ്റേഷൻ സെന്റർ അധികാരികൾക്ക് മരുന്ന് നല്കിക്കൊണ്ട് തൊടുപുഴ ഫൊറോന വികാരി പെരിയ ബഹു. ഫാ. ജോസ് പുല്ലോപ്പിള്ളിൽ നിർവ്വഹിക്കുന്നു.




# കൃതജ്ഞത, ആശംസകൾ!



ഫാ. എമ്മാനുവേൽ പീച്ചാട്ട്



ഫാ. സെബാസ്റ്റ്യൻ കടമ്പനാട്ട്

കുമ്പൻപാറ പള്ളിയിൽ അസ്തേന്തിയായും കുമ്പൻപാറ, അസീസി, മന്നാംകണ്ടം, വട്ടയാർ പള്ളികളിൽ വികാർ ഇൻചാർജായും ചെല്ലിയാമ്പാറ, കുത്തുപാറ, കല്ലാർകുട്ടി, ആയിരമേക്കർ, വാഴവര, പെരുമ്പല്ലൂർ, കലൂർ, രാജാക്കാട്, വെളിയേൽച്ചാൽ, കുറുപ്പംപടി, കുത്തുങ്കൽ, മാലിപ്പാറ, ഇഞ്ചൂർ, പെരുമണ്ണൂർ, കീരംപാറ, പോത്താനിക്കാട്, നെടുങ്ങപ്ര, മാറാടി, നെടിയശാല എന്നീ ഇടവകകളിൽ വികാരിയായും, രാജാക്കാട് മേഴ്സി ഹോസ്പിറ്റലിന്റെ ഡയറക്ടർ, മൈനർ സെമിനാരി പ്രൊഫസർ എന്നീ നിലകളിലും സ്തുത്യർഹമായവിധം സേവനമുഷ്ഠിച്ച് വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹു. പീച്ചാട്ട് എമ്മാനുവേൽ അച്ചനും

പാറത്തോട് പള്ളിയിൽ അസ്തേന്തിയായും, ഇഞ്ചൂർ, വെട്ടിമറ്റം, തോപ്രാംകുടി, പെരുമണ്ണൂർ, ആയിരമേക്കർ, ചെമ്പകപ്പാറ, കൊച്ചുകാമാക്ഷി, പാണ്ടിപ്പാറ, വിമലഗിരി, കുണിഞ്ഞി, തഴുവംകുന്ന്, ചാലാശ്ശേരി, ഏഴല്ലൂർ, കാരക്കുന്നം, കോട്ടപ്പടി, തോട്ടക്കര പള്ളികളിൽ വികാരിയായും സ്തുത്യർഹമായവിധം സേവനമുഷ്ഠിച്ച് വിശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന ബഹു. കടമ്പനാട്ട് സെബാസ്റ്റ്യൻ അച്ചനും


കൃതജ്ഞതയും ആശംസകളും!

ബിഷപ്പ്



# ദൈവരാജ്യം

EPARCHY OF KOTHAMANGALAM




## ഉള്ളടക്കം


| | പേജ് |
|---|---|
| 2016 ഫെബ്രുവരി 14 തിരുബാലസഖ്യദിനം | 7 |
| മദ്യവിരുദ്ധ ഞായർ, 28 ഫെബ്രുവരി 2016 | 11 |
| രൂപതക്കച്ചേരി | 16 |
| മൈനർ സെമിനാരി | 20 |
| വിജ്ഞാനഭവൻ | 22 |
| വിദ്യാഭ്യാസം | 24 |
| തിരുബാലസഖ്യം | 25 |
| ചെറുപുഷ്പമിഷൻലീഗ് | 26 |
| കെ.സി.എസ്.എൽ. | 27 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 30 |
| സോഷ്യൽ സർവീസ് | 31 |
| യുവദീപ്തി | 36 |
| ജീസസ് യൂത്ത് | 38 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 39 |
| മാതൃവേദി | 40 |
| എ.കെ.സി.സി. | 41 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 42 |
| പ്രാർത്ഥനാഗ്രൂപ്പ് | 42 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 43 |
| നെസ്റ്റ് പ്രോഗ്രാം | 44 |
| വാർത്തയും വിശേഷങ്ങളും | 45 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 46 |
| ബിഷപ്പ്സ് പ്രോഗ്രാം | 51 |
| പ്രാർത്ഥനയിൽ ഓർക്കാം | 51 |
| നിര്യാതരായി | 52 |



*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 55**
**ഫെബ്രുവരി 2016**
**ലക്കം 2**



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com




## ഓർമ്മിക്കാൻ

### ഫെബ്രുവരി

| | | |
|---|---|---|
| 1 | – | മാതൃവേദി രൂപതാ കൗൺസിൽ |
| 3–5 | – | വിവാഹഒരുക്ക സെമിനാർ |
| 9 | – | Presbyterium |
| 11 | – | ലോകരോഗീദിനം |
| 13 | – | Catechism Contact Class |
| 14 | – | തിരുബാലസഖ്യദിനം |
| | | ചെറുസൂനം ക്വിസ് –2016 |
| 17–19 | – | വിവാഹഒരുക്ക സെമിനാർ |

### തിരുനാളുകൾ

| | | |
|---|---|---|
| 02 | : | നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (പ. കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ) |
| 04 | : | വി. ജോൺ ബ്രിട്ടോ |
| 11 | : | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 14 | : | വി. സിറിൽ, വി. വാലന്റൈൻ |
| 18 | : | വി. ബർണ്ണദീത്താ |
| 21 | : | മൊളോക്കോയിലെ വി. ഡാമിയൻ |
| 23 | : | വി. പൊലിക്കാർപ്പ് |
| 27 | : | വി. ബർണാർഡ് |

Ref: 2913/K 35/OL/KCBC/DS 18.01.2016

# 2016 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ ഏറ്റവും പ്രിയപ്പെട്ട മാതാപിതാക്കന്മാരേ, സഹോദരീസഹോദരന്മാരേ, കുഞ്ഞുമക്കളേ,

ആഗോള കത്തോലിക്കാസഭ എല്ലാ വർഷവും തിരുബാലസഖ്യദിനം ആചരിക്കുന്നത് ഫെബ്രുവരി രണ്ടാമത്തെ ഞായാറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. ബാലനായ യേശുവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, അവശരും, ദരിദ്രരും, അനാഥരും, നീതി ലഭിക്കാത്തവരുമായ കുട്ടികളുടെ ഉന്നമനത്തിനായി സ്ഥാപിക്കപ്പെട്ടതാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ എല്ലാ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഞങ്ങളുടെ അനുഗ്രഹവും ആശംസകളും.

ബഹുതല ചിന്തകളാണ് നമ്മുടെ വിചിന്തനത്തിനായി തിരുസഭ നൽകുന്നത്. തങ്ങളാൽ കഴിയുന്നത് തങ്ങളെക്കാൾ അവശരും ദരിദ്രരുമായ കുട്ടികൾക്കു വേണ്ടി ദാനമായി നൽകുക എന്ന കരുണയുടെ പാഠമാവണം കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ചിന്തകളിൽ പതിയേണ്ടത്. നമ്മുടെ പൊതുഗൃഹത്തിന്റെ നന്മകൾക്ക് നാം മാത്രമല്ല അവകാശികളെന്നും പങ്കുവയ്ക്കുകയെന്നത് ഔദാര്യമല്ല കടമയാണെന്നും കുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കേണ്ട ദിവസമാണിന്ന്.

നസ്രത്തിൽ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാവണം. വ്യക്തിസ്വാതന്ത്ര്യങ്ങളുടെയും നിയമ പരിരക്ഷയുടെയും അകമ്പടിയും ജീവിതത്തിൽ അനുസരണവും, വിധേയപ്പെടലും ക്രിസ്തുചൈതന്യത്തിന്റെ ഭാഗം തന്നെയാണ്. ശരിയായ വളർച്ചാമുഖങ്ങൾക്ക് ഇത് അനിവാര്യവുമാണ്.

യൗസേപ്പുപിതാവും പരിശുദ്ധ കന്യകാമറിയവും ഉണ്ണിയേശുവിൽ തിരുബാലനെ കണ്ടെത്തുന്നത് അവരുടെ ദൈവപദ്ധതിയുമായുള്ള പങ്കുചേരലിലാണ്. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. ശുഭമായ ഭാവിക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് കൂട്ടുനിൽക്കുവാൻ മാതാപിതാക്കൻമാർ എപ്പോഴും ശ്രദ്ധിക്കേണ്ടതുണ്ട്.



കുട്ടികൾ പാറമേൽ പണിത ഭവനങ്ങൾപോലെയാകണം. മാതാപിതാക്കന്മാരുടെ വിശ്വാസതീക്ഷ്ണതയും ആഴപ്പെട്ട ബോധ്യങ്ങളുടെ ദൃഢതയും സ്നേഹവുമുള്ള പാറമേൽ വേണം ബാല്യങ്ങളും കൗമാരങ്ങളും രൂപപ്പെടുവാൻ. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാ സഭാചൈതന്യത്തിൽ ആയിരിക്കുകയും സാമൂഹിക പ്രതിജ്ഞാബദ്ധതയോടെ ജീവിക്കുകയും ചെയ്യുക എന്നത് ഈ ആഴപ്പെട്ട ജീവിതത്തിന് ആവശ്യമാണ്. ദൈനംദിന കുടുംബപ്രാർത്ഥനയും കൗദാശിക ജീവിതവും കുട്ടികളുടെ മതബോധനവും ഒക്കെ പ്രത്യേകം ശ്രദ്ധിക്കേണ്ട മേഖലകളാണ്.

വളർത്തുന്നവൻ ദൈവമാണ് എന്ന സത്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ അമ്മ ചെയ്തതുപോലെ ഓരോ കുഞ്ഞിനെയും ദൈവാലയത്തിൽ കൊണ്ടുചെന്ന് ദൈവത്തിന് കാഴ്ചവയ്ക്കും. അതായത്, ദൈവപദ്ധതിക്ക് പൂർണ്ണമായും കുട്ടികളെ വിട്ടുകൊടുക്കും. അവരുടെ ജീവിതപാതകളെ മെനയുന്ന കർത്താവിന് അവരെ വിട്ടുകൊടുക്കുമ്പോൾ വിടുതലിന്റെ സ്വാതന്ത്ര്യവും നല്ല ദൈവത്തിലുള്ള കൂടുതലായ ആശ്രയബോധവും അവർക്ക് സ്വന്തമാകും. പൗരോഹിത്യ സന്ന്യാസജീവിതാന്തസിലേക്കു നീങ്ങാനാഗ്രഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാരും ബന്ധുക്കളും സുഹൃത്തുക്കളും അവരെ അതിന് അനുയോജ്യമായ രീതിയിൽ കൈപിടിക്കേണ്ടതാണ്. അതിനു തയ്യാറാവാതെ അവരുടെ സ്വപ്നങ്ങളെ വിലയിടിച്ചു കാണിക്കുകയും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്യുന്നവർ ദൈവപദ്ധതിയോട് പടപൊരുതുകയാണ് ചെയ്യുന്നത്. കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരുവാൻ അനുവദിക്കുവിൻ, അവരെ തടയരുത് എന്നത് ഒരു ദൈവകല്പനയായി നാം തിരിച്ചറിയണം. 'ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായിരിക്കേണ്ടതല്ലേ' എന്ന ചോദ്യം മുതിർന്നവർ തിരിച്ചറിയാതെ പോകരുത്.

ഓരോ കുട്ടിയ്ക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അദ്ധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു വൈകാരിക വിസ്ഫോടനത്തിനു ശേഷമോ, മാതാപിതാക്കളുടെയും മുതിർന്നവരുടെയും പ്രീതിക്കുവേണ്ടിയോ ആവരുത് കുട്ടികൾ ഈ തിരഞ്ഞെടുപ്പുകൾ നടത്തുന്നത്. സമാധാനപൂർണ്ണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആദ്ധ്യാത്മിക ഗുരുക്കൻമാരും മുന്നോട്ടുവരണം. മക്കളെ നന്നായി വളർത്തുകയെന്നത് കുഞ്ഞുങ്ങൾ ദൈവം തന്ന ദാനമാണ് എന്ന തിരിച്ചറിവിൽ നിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഇത് കൂടുതൽ തെളിയേണ്ട സാമൂഹിക സാഹചര്യങ്ങളുമാണ് ഇന്നുള്ളത്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആദ്ധ്യാത്മികവുമായ അപകട മേഖലകൾ കൂടി വരുന്നത് നാം തിരിച്ചറിയണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. മുതിർന്നവർ ലൈംഗികമായി കുട്ടികളെ ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കന്മാർ നിതാന്തജാഗ്രത പുലർത്തേണ്ടതുണ്ട്.

വാട്സ് ആപ്പിലൂടെയും ഫെയ്സ്ബുക്കിലൂടെയും സെൽഫി ഫോട്ടോകൾ എടുത്ത് കുട്ടികൾ തങ്ങളെത്തന്നെ പ്രദർശിപ്പിക്കുന്ന പ്രവണത കൂടിവരുന്നു. തങ്ങളെത്തന്നെ എല്ലാവർക്കും വെളിപ്പെടുത്തുക വഴി അത്യാഗ്രഹികളായ കഴുകദൃഷ്ടികൾക്ക് അവർ ഇരയാവുകയാണ്. ഈ മേഖലയിൽ മാതാപിതാക്കളുടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശ്ശബ്ദതകളും ഒക്കെ തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതമായി നയിക്കുവാൻ എല്ലാ മാതാപിതാക്കൻമാരും ശ്രദ്ധിക്കണം.

അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപി



ക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതംമാറ്റുകയും തീവ്രവാദങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതീയുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാവിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തുചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും കുട്ടികളെ പഠിപ്പിക്കുകയും വേണം. പൈശാചികവും വഴിതെറ്റിക്കുന്നതുമായ മേഖലകളിൽ നിന്നും കുട്ടികളെ ഒഴിവാക്കി നിർത്തുവാൻ സഭയോടും സഭാതനയരോടും ചേർന്നു നിൽക്കുക, പ്രവർത്തിക്കുക എന്നത് അത്യാവശ്യമാണ്. കുടുംബയൂണിറ്റുകളുടെയും സഭാസംഘടനകളുടെയും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനും സഭാധികാരികളോട് സ്നേഹവും പരിഗണനയും ഉള്ളവരായി വളരാനും കുട്ടികളെ പ്രോത്സാഹിപ്പിക്കണം. സഭാചൈതന്യത്തിൽ കുട്ടികളെ വളർത്തുന്ന എല്ലാ മാതാപിതാക്കന്മാരേയും കേരള കത്തോലിക്കാ മെത്രാൻ സമതിയുടെ പേരിൽ ഞങ്ങളുടെ സ്നേഹവും നന്ദിയും അറിയിക്കുന്നു.

തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ തിരുബാല്യത്തിലേക്ക് ഉയർത്തുവാൻ സഭയുടെ എല്ലാ ഘടകങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഇടയാകണം. അതിനാൽ പ്രിയ സഹോദരങ്ങളെ, നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്രനന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം. പീഠത്തിൻമുകളിലെ പ്രകാശഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ.

സ്നേഹപൂർവ്വം

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് യൂഹാനോൻ മാർ ക്രിസോസ്റ്റോം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2016 ഫെബ്രുവരി 14-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Ref: 2918 /K 35/OL/KCBC/DS 25.1.2016

# മദ്യവിരുദ്ധ ഞായർ, 28 ഫെബ്രുവരി 2016

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

### *ഉണരാം, ഉണർത്താം, ഒരു നവസംസ്കൃതി*

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കാരുണ്യത്തിന്റെ വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് ലോകത്തെ മുഴുവൻ പുത്തൻ ദൈവാനുഭവത്തിലേക്കും സമൂഹത്തെ മുഴുവൻ ആഴവും ആത്മാർത്ഥമായതുമായ നവമാനവികതയിലേക്കും നയിക്കാൻ ഉതകുന്ന കരുണയുടെ വർഷത്തിലൂടെയാണല്ലോ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സമൂഹമദ്ധ്യേ കാരുണ്യത്തിന്റെ കൈവിളക്കുകളുമായി വഴികാട്ടുവാനുള്ള കത്തോലിക്കാസഭയുടെ ഈ ആഹ്വാനം, ക്രൈസ്തവ ലോകത്തിനു മാത്രമല്ല ലോകം മുഴുവന്റെയും കർമ്മത്തിനും കുതിപ്പിനും ആക്കം കൂട്ടുന്ന ഒരു ശരണമന്ത്രമായി തീർന്നിരിക്കുകയാണ്. കരുണയുടെ ഈ വർഷത്തിൽ സമൂഹത്തെ ഉണർത്താനും സഹോദരങ്ങളെ പുത്തൻവെളിച്ചത്തിലേക്ക് കൊണ്ടുവരാനും ഏറ്റവും ഉചിതമായ സമയവും അവസരവുമാണ് പുതിയ മദ്യനയത്തോടെ ഇന്ന് കേരളത്തിൽ സംജാതമായിരിക്കുന്നത്.

കേരള കത്തോലിക്കസഭ മദ്യവിരുദ്ധഞായറായി 2016 ഫെബ്രുവരി 28 ആചരിക്കുമ്പോൾ ഈ വർഷത്തെ മദ്യവിരുദ്ധഞായർ ആചരണം മറ്റേതു വർഷത്തെക്കാളും അർത്ഥപൂർണ്ണവും സമയോചിതവുമാണ്. കേരളസർക്കാരിന്റെ മദ്യനയം അംഗീകരിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി (29-12-2015) കേരളത്തിന് ലഭിച്ച പുതുവർഷസമ്മാനമായിരുന്നു. പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളെയും നിരോധിച്ചത് ആത്യന്തികമായി അനേകലക്ഷം ജനങ്ങളുടെ സമാധാനപൂർണ്ണമായ ജീവിതത്തിനാണ് ഉപകാരപ്പെടുന്നത്. ഈ അനുകൂലമായ സാഹചര്യം ഫലപ്രദമായി വിനിയോഗിക്കുക എന്ന ഒരു തീവ്ര കർമ്മപരിപാടിക്കായി കേരളസമൂഹം ജാഗ്രതയോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.



ചരിത്രപരമായ ഒരു മദ്യനിയന്ത്രണസംവിധാനത്തിന് രൂപംകൊടുക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നത് ആത്മാർത്ഥമായ അഭിനന്ദനം അർഹിക്കുന്നതാണ്. മദ്യവർജ്ജനം മാത്രം മതിയെന്ന നയം സമൂഹത്തിൽ പ്രചരിക്കുന്നതിന്റെ പശ്ചാത്തലത്തിലും കർക്കശമായ നിയന്ത്രണം കൊണ്ടുവന്ന സർക്കാർ നടപടി കേരള ചരിത്രത്തിലെ നാഴികക്കല്ലാണ്. മദ്യവില്പനയിൽ കഴിഞ്ഞ 30 വർഷമായി 12% മുതൽ 67% വരെ വർദ്ധനവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, കഴിഞ്ഞ 18 മാസമായി കേരളത്തിൽ ബാറുകൾ അടഞ്ഞുകിടന്നതുമൂലം വിദേശമദ്യത്തിന്റെ വില്പന 24.92% കുറഞ്ഞുവെന്നാണ് കണക്ക്. ഈ സാഹചര്യത്തിൽ വിദേശമദ്യവില്പന കുറഞ്ഞിരിക്കുന്നുവെന്ന കണക്ക് പ്രതീക്ഷ വർദ്ധിപ്പിക്കുന്നു. മദ്യനിരോധനംമൂലം കേരളത്തിൽ മദ്യവില്പന കുറഞ്ഞിട്ടില്ലായെന്ന് സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നവരുടെ താല്പര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. മുകളിൽ പറഞ്ഞ സർക്കാർ കണക്കുതന്നെയാണ് ഇത്തരക്കാർക്കുള്ള ഉത്തരം. ഇതിന്റെ പ്രാധാന്യം കൂടുതൽ തെളിഞ്ഞുവരുന്നത് ലോകാരോഗ്യസംഘടനയുടെ ലക്ഷ്യം മനസ്സിലാക്കുമ്പോഴാണ്. ആഗോളമദ്യനയത്തിലൂടെ അടുത്ത പത്ത് വർഷംകൊണ്ട് മദ്യത്തിന്റെ ഉപയോഗം 10% കുറയ്ക്കുകയെന്ന ലക്ഷ്യമാണ് ലോകാരോഗ്യസംഘടന മുന്നിൽ വയ്ക്കുന്നത്. എന്നാൽ കേരളത്തിൽ കഴിഞ്ഞ 18 മാസം കൊണ്ടുതന്നെ ഇത് 24 ശതമാനമായി മാറി. ഇത് ലോകചരിത്രത്തിൽതന്നെ ഏറ്റവും വേഗതയിലുള്ള മദ്യോപയോഗത്തിന്റെ കുറവാണ്. ഇത് മാറ്റത്തിന്റെ വലിയ അടയാളമാണ്.

കേരളം ഉണർന്നുകഴിഞ്ഞു. ലഹരിവിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിലേക്ക് മാന്യമായി ജീവിക്കണമെന്ന ആഗ്രഹം കടന്നുവന്നിരിക്കുന്നു. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാ

വിലും ശരീരത്തിലും ആരോഗ്യം, കുറ്റകൃത്യങ്ങളുടെ നിയന്ത്രണം, റോഡപകടങ്ങളിൽ വന്ന കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതു സമൂഹം കർശന മദ്യനിയന്ത്രണത്തിന്റെ നന്മകൾ അനുഭവിച്ചു തുടങ്ങിയിരിക്കുന്നു.

അതേസമയം, ഏറെ കരുതലോടെയും നിതാന്ത ജാഗ്രതയോടെയും അറിഞ്ഞിരിക്കേണ്ട മറ്റൊരു കാര്യമുണ്ട്. വിദേശമദ്യത്തിന്റെ വില്പന കുറഞ്ഞുവെങ്കിലും ബിയർ വില്പന 5 കോടി ലിറ്ററോളം കൂടിയിരിക്കുന്നു. ബാറുകൾ അടച്ചപ്പോൾ വ്യാപകമായി ആരംഭിച്ച 820 ബിയർ പാർലറുകളാണ് ബിയർ വില്പന വർദ്ധിപ്പിച്ചത്. വൈൻ വില്പനയും മുൻവർഷത്തെക്കാൾ വളരെ കൂടുതലായിരിക്കുന്നു. ആരും ആവശ്യപ്പെടാതെതന്നെ അടച്ചുപൂട്ടിയ ബാറുകളിൽ വ്യാപകമായി ബിയർ വൈൻ പാർലറുകൾ തുടങ്ങിയ സർക്കാർ നടപടിയെ സുപ്രീം കോടതിപോലും നിശിതമായി വിമർശിച്ചതാണ്. യുവജനങ്ങളെ കൂട്ടത്തോടെ മദ്യ ഉപയോഗത്തിലേക്ക് ക്ഷണിക്കുകയും പുതുതലമുറയെ ആൺപെൺവ്യത്യാസമില്ലാതെ ലഹരിയുടെ അപകടങ്ങളിലേക്ക് എത്തിക്കുന്നതുമായ ഈ വികലനയം ഒരു ജനാധിപത്യ സർക്കാരിന് ചേരുന്നതല്ല, പ്രത്യേകിച്ച് സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ.

ബിയർ വീര്യം കുറഞ്ഞതാണ് എന്നത് ഒരു തെറ്റായ പ്രചരണമാണ്. മോട്ടോർ വാഹന വകുപ്പിന്റെ നിയമമനുസരിച്ച് മദ്യത്തിന്റെ അളവ് രക്തത്തിൽ 30 ശതമാനത്തിൽ കൂടുതലായാൽ വാഹനമോടിക്കുന്നത് ശിക്ഷാർഹമായ കുറ്റമാണ്. ഒരു കുപ്പി ബിയറിലൂടെ മദ്യത്തിന്റെ അളവ് രക്തത്തിൽ 30 ശതമാനത്തിലധികമാകുന്നു. ഇത് ചെറിയൊരു ഉദാഹരണം മാത്രം. ഇത്തരത്തിൽ, അപകടകാരിയായ ബിയറും വൈനും പ്രോത്സാഹിപ്പിക്കുന്നത് പുതുതലമുറയെ ഗുരുതരമായ ലഹരി അടിമത്തത്തിലേക്ക് നയിക്കാനേ ഉപകരിക്കൂ.

ബിയർ വൈൻ പാർലറുകൾക്കുള്ള അനിയന്ത്രിതമായ അനുമതി കേരളസർക്കാർ അടിയന്തിരമായി പുനഃപരിശോധിക്കേണ്ടതാണ്. പുതിയ മദ്യനയം രൂപംകൊടുക്കുമ്പോൾ അത് പരിഹരിക്കേണ്ടതുമാണ്. ഒരുവശത്ത് മദ്യശാലകൾക്ക് കർശനനിയന്ത്രണവും നിരോധനവും ഏർപ്പെടുത്തുവാനുള്ള നയനിയമ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയും ബിവറേജസ് ഔട്ട്ലറ്റുകൾ ഘട്ടംഘട്ടമായി നിർത്തലാക്കുകയും ചെയ്യുമ്പോഴും മറുവശത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ പുതിയ മദ്യശാലകൾ സർക്കാർ തുറക്കുന്നുണ്ട്. ഇത് ഗുരുതരമായ നയവ്യതിയാനവും ആത്മാർത്ഥതയില്ലായ്മയുമാണ് സൂചിപ്പിക്കുന്നത്.



'മദ്യവർജനം', 'മദ്യനിയന്ത്രണം' എന്നീ രണ്ടു സമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ ക്രിയാത്മകമായ മാറ്റമുണ്ടാക്കുന്നത് എന്ന കാര്യത്തിൽ കൃത്യമായ നിലപാടുകൾ ഓരോ രാഷ്ട്രീയ പ്രസ്ഥാനത്തിനും ഉണ്ടായിരിക്കണം. മദ്യത്തിന്റെ ലഭ്യതയും വ്യാപനവും കുറയ്ക്കുന്ന ഏതൊരു നടപടിയും കേരളത്തിലെ മദ്യവിരുദ്ധപ്രവർത്തകരും മതസംഘടനകളും സമുദായങ്ങളും പൊതുസമൂഹവും സർവാത്മനാ സ്വാഗതം ചെയ്യും. മദ്യനിയന്ത്രണവും മദ്യവർജനവും ഒരു നാണയത്തിന്റെ ഇരുവശങ്ങൾപോലെ തുല്യപ്രാധാന്യത്തോടെ നടപ്പിലാക്കപ്പെടണം. മദ്യവിൽപ്പനയുടെ നിയന്ത്രണം, മദ്യ ഉപയോഗം കുറക്കാൻ വഴി തെളിക്കുമെന്ന് കണക്കുകളും ശാസ്ത്രീയമായ പഠനങ്ങളും തെളിയിക്കുന്നു. മദ്യത്തിന്റെ ലഭ്യത കുറയുന്ന പ്രദേശങ്ങളിൽ മദ്യത്തിന്റെ ഉപയോഗം കുറയുന്നു എന്ന പഠന റിപ്പോർട്ട് മദ്യവിൽപ്പനയിലുള്ള കർശനനിയന്ത്രണം വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാനമായി നിലകൊള്ളുന്നു.

മദ്യവർജനം മാത്രം മതി എന്നു പറയുന്നവരുടെ സമീപനം സംശയാസ്പദമാണ്. സമൂഹത്തിന്റെ ആത്യന്തികമായ നന്മയല്ല ഇക്കൂട്ടരുടെ ലക്ഷ്യം എന്നത് ഉറപ്പാണ്. ലഹരിക്കെതിരായ പ്രതിരോധം പൊതുസമൂഹത്തിൽ രൂപപ്പെട്ടുക്കൊണ്ടിരിക്കുകയാണ്. മനുഷ്യനന്മയുടെയും കൂട്ടായ്മയുടെയും തകർക്കാൻ പറ്റാത്ത കോട്ടകൾ തീർക്കുന്ന ഒരു പ്രതിരോധമാണ് ലഹരിക്കെതിരെ സൃഷ്ടിക്കേണ്ടത്. ഇതിനായി കേരളസമൂഹം ഇനിയും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

ബോധവത്ക്കരണ പരിപാടികളാണ് സമ്പൂർണ മദ്യനിരോധനത്തിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ചവിട്ടുപടികൾ. കാര്യക്ഷമമായ ബോധവൽക്കരണത്തിലൂടെ മാത്രമേ നമ്മൾ ആഗ്രഹിക്കുന്ന ലക്ഷ്യം

പ്രാപിക്കുവാൻ സാധിക്കുകയുള്ളൂവെന്ന തിരിച്ചറിവിൽ കാര്യക്ഷമമായ കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഈ മേഖലയിൽ സർക്കാർ നടത്തുന്ന 'സുബോധം പദ്ധതി' ലഹരിക്കെതിരായി അണിനിരക്കാൻ കേരളത്തെ ഒരുക്കുന്നതിൽ ഏറ്റവും ശ്രദ്ധേയമായ കാൽവയ്പാണ്. സർക്കാരിന്റെയും മദ്യവിരുദ്ധ സമിതികളുടെയും ബോധവത്ക്കരണപരിപാടികൾ ഫലപ്രദമായി സമൂഹത്തിലെത്തിക്കുവാൻ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കെസിബിസി മദ്യവിരുദ്ധ സമിതിയ്ക്കും മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും പുതിയ മദ്യനയ രൂപീകരണം അഭിമാനത്തിന്റെ നിമിഷങ്ങളാണ്. കെസിബിസി മദ്യവിരുദ്ധ സമിതിയോടൊപ്പം ഈ ചരിത്രമുഹൂർത്തം കേരളത്തിനു സമ്മാനിക്കാൻ പ്രവർത്തിച്ച എല്ലാ മദ്യവിരുദ്ധപ്രസ്ഥാനങ്ങളെയും പ്രവർത്തകരെയും അഭിനന്ദിക്കുന്നു. കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങൾക്ക് ശക്തമായ തുടക്കം കുറിക്കുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കാൻ വലിയൊരു പങ്ക് വഹിക്കുവാൻ കേരളത്തിലെ കത്തോലിക്കാസഭയ്ക്ക് സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ഈ മദ്യനിരോധനം കടലാസിലും ആശയങ്ങളിലും മാത്രമായി ഒതുക്കപ്പെടുന്ന അപകടം ഉണ്ടാകാനുള്ള സാധ്യതയും തള്ളിക്കളയാൻ സാധിക്കുകയില്ല. ഇവിടെയാണ് നമ്മളെല്ലാവരും ജാഗ്രതയോടെ പ്രവർത്തിക്കേണ്ടത്.

കരുണയുടെ വർഷത്തിൽ ലഹരിക്കെതിരായ പ്രവർത്തനം വലിയ ഒരു കാരുണ്യപ്രവൃത്തിയായി കണ്ട് അതിൽ പങ്കാളികളാകണം. മദ്യവിരുദ്ധസമിതിയുടെ പ്രവർത്തനങ്ങൾ ഇടവകാ രൂപതാതലങ്ങളിൽ കൂടുതൽ സജീവമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. മദ്യവിരുദ്ധ ഞായറിനു മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം ഉചിതമായി ആചരിക്കപ്പെടുകയും വേണം. അന്നേ ദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സ്തോത്രകാഴ്ച ലഹരിവിരുദ്ധപ്രവർത്തനങ്ങളുടെ ചെലവിലേക്കായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്. നമുക്കു ഉണരാം, മദ്യത്തിനും മറ്റു ലഹരി വസ്തുക്കൾക്കും എതിരെ പോരാടാം, ഒരു പുതിയ മദ്യവിരുദ്ധ സംസ്കാരം കെട്ടിപ്പടുക്കാം. ഇതിന് ആവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



സ്നേഹപൂർവം,

**ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ്പ് ജോസഫ് കാരിക്കശ്ശേരി**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

NB: 2016 ഫെബ്രുവരി 28-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## രൂപതക്കച്ചേരി

### *C.14 /2016* Presbyterium

The plenary meeting of the priests of the Eparchy will be held on Tuesday, February 9, 2016 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

### *C. 15/2016* അഖിലലോക രോഗീദിനം

2016 ഫെബ്രുവരി 11-ാം തീയതി വ്യാഴാഴ്ച അന്താരാഷ്ട്ര ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

*C. 16/2016* **സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആഘോഷിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 5-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

*C.17/2016* **വലിയ നോമ്പാരംഭവും വിവാഹാഘോഷമുടക്കവും**

2016 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമസിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

*C. 18/2016* **Appointments and Transfers**

**Retirements**

1. Rev Fr Emmanuel Peechatt
2. Rev Fr Sebastian Kadambanatt

**Medical Leave**

1. Rev Fr George Kanjirakombil



**Appointments**

Parish Priests / Vicars-in-Charge:

| | | |
|---|---|---|
| 1. | Arikuzha | Rev Fr James Vadakkekudy |
| 2. | Cheenikuzhy | Rev Fr Jacob Vattappallil |
| 3. | Karakunnam (Vicar-in-Charge) | Rev Fr Augustine Padinjarekutt |
| 4. | Kolady | Rev Fr Jacob Vadakkumparambil |
| 5. | Inchoor (Vicar-in-Charge) | Rev Fr Francis Madathiparambil |
| 6. | Nediakad | Rev Fr Joseph Mundunadayil |
| 7. | Nediasala | Rev Fr James Arackal |
| 8. | Thottakara | Rev Fr George Chettoor |

**Parochial Vicars:**

| | | |
|---|---|---|
| 1. | Rev Fr Thomas Vilanguparayil | Kodikulam |
| 2. | Rev Fr Sebastian Pothanamuzhy | Karimannoor |
| 3. | Rev Fr Joseph Kapiyarumalayil | Neyyassery |
| 4. | Rev Fr Emmanuel Mundackal | Vannapuram |
| 5. | Rev Fr Joseph Thanickal | Nediasala |
| 6. | Rev Fr Jose Chirapparambil | Velielchal |
| 7. | Rev Fr Paul Kalathoor | Paingottoor |
| 8. | Rev Fr Kuriakose Kannampalliyil | Neriamangalam |
| 9. | Rev Fr Kurian Thekkumkattil CMI | Udumpannoor |
| 10. | Rev Fr Thomas Punnackal CMI | Pannimattam |
| 11. | Rev Fr Thomas Padinjaredath CMI | Kallanickal |
| 12. | Rev Fr James Vattodiyil CMI | Kaloor |

*Bishop*

*C. 19/2016* **തിരുബാലസഖ്യദിനം**

ഈ വർഷം ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച സാർവത്രിക സഭയിൽ തിരുബാലസഖ്യദിനം ആചരിക്കുന്നു. സാധുകുട്ടികളെ സഹായിക്കാൻ അന്നേദിവസം പ്രത്യേകപിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുമല്ലോ.

*Protosyncellus*

*C. 20 /2016* **Monthly Recollection for Priests**

***Topic for discussion in March***

Read in common Nos. 495 - 507 of the Catechism of the Catholic Church.

*Syncellus*

*C. 21/2016* **Pastoral Visits - February**

| | |
|---|---|
| Marika | 07-02-2016 |
| Karimannoor | 14-02-2016 |
| Thodupuzha Forane Church | 21-02-2016 |
| Vannappuram | 28-02-2016 |

*Chancellor*

*C. 22/2016* **സീറോ മലബാർ മിഷൻ ഞായർ പിരിവ്**

സീറോ മലബാർസഭയുടെ പ്രേഷിതവാരാചരണത്തോടനുബന്ധിച്ച് നടത്തിയ പിരിവ് ജനുവരി 31-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കാത്തവർ എത്രയും വേഗം അത് രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കാൻ താല്പര്യപ്പെടുന്നു.

*Procurator*

*Js. 2/2016* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2016-2017 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2016 മെയ് 14-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന



പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2016 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Secretary*

## മൈനർ സെമിനാരി

*MS 6 /2016* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 12 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

*MS 7 /2016* **Angels' Meet**

മധ്യവേനൽ അവധിക്കാലത്ത് 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മൈനർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് മീറ്റ് പ്രോഗ്രാം നടത്തുന്നു. മാർച്ച് 28 മുതൽ മെയ് 26

വരെയുള്ള ദിവസങ്ങളിലാണ് ബ്രദേഴ്സിന് ക്യാമ്പ് സംഘടിപ്പിക്കുവാൻ സാധിക്കുന്നത്. ഈ പ്രോഗ്രാം നടത്താൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

*MS 8 /2016* **നവവൈദികർക്ക് സ്വീകരണം**

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 7-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

*MS 9 /2016* **അനാഥാലയ സന്ദർശനം**

കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് ജനുവരി 20-ാം തീയതി ഉച്ചകഴിഞ്ഞ് ബ്രദേഴ്സ് കാരക്കുന്നം ഡിവൈൻ പ്രൊവിഡൻസ് ഹോം സന്ദർശിക്കുകയും രസകരമായ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി പരിപാടികൾ സമാപിച്ചു.

*MS 10 /2016* **Parents' Day**

മൈനർ സെമിനാരിയിലെ 'Parents' Day' 2016 ജനുവരി 26-ാം തീയതി ചൊവ്വാഴ്ച നടന്നു. രാവിലെ 9.00 മണിയോടുകൂടി മാതാപിതാക്കന്മാരെല്ലാം തന്നെ എത്തി. ബ്രദേഴ്സും അച്ചന്മാരും ചേർന്ന് അവരെ ഹൃദ്യമായി സ്വീകരിച്ചു. തുടർന്ന് ഫാ. ജെയിംസ് കളപ്പുര ദിവ്യബലിയർപ്പിച്ചു. ദിവ്യബലിക്കുശേഷം അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ റെക്ടർ ഫാ. സ്റ്റാൻലി പുൽപ്രയിൽ ഏവരെയും ഹൃദ്യമായി സ്വാഗതം ചെയ്തു. സെമിനാരിയുടെ ദൈനംദിന നടത്തിപ്പിനെക്കുറിച്ച് അച്ചൻ മാതാപിതാക്കന്മാർക്ക് വ്യക്തമായ ഒരു ചിത്രം നൽകി. സെമിനാരി പരിശീലനത്തിൽ മാതാപിതാക്കൾക്ക് ഗണ്യമായ പങ്കുവഹിക്കാനുണ്ടെന്ന് അഭിവന്ദ്യപിതാവ് അവരെ ഉദ്ബോധിപ്പിച്ചു. ബ്രദേഴ്സിന്റെ പ്രതിനിധിയായി ബ്ര. ജോസ് കുന്നപ്പിള്ളിൽ ആശംസകളർപ്പിച്ചു. സാൻജോ ഗായകസംഘത്തിന്റെ ആശംസാഗാനത്തിനുശേഷം നടന്ന ചർച്ചയിൽ ഏവരും സജീവമായി പങ്കെടുത്തു. ബ്ര. ജെയിംസ് പരക്കനാൽ ഏവർക്കും ഹൃദ്യമായി നന്ദി പ്രകാശിപ്പിച്ചു. തുടർന്നു നടന്ന സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.



*MS 11 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | Mathruvedi, Arakuzha | ₹ 5000 |
| 2 | George Parankimalil, Nellimattom | ₹ 5000 |
| 3 | Tomy Kavapurackal, Nediakadu | ₹ 5000 |
| 4 | Kurian Parekattil, Nellikuzhi | ₹ 10000 |

*Rector*

## വിജ്ഞാനഭവൻ

*V. 13/2016* **നന്ദി**

ജനുവരി 10-ാം തീയതി ഞായറാഴ്ച നെസ്റ്റിൽ വച്ചുനടന്ന PTA സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും HM -മാർക്കും നന്ദി.

*V. 14/2016* **Resource Persons' Training**

അടുത്ത അദ്ധ്യയന വർഷം മുതൽ ഇടവകകളിൽ ക്ലാസ്സുകൾ എടുക്കുന്നതിന് റിസോഴ്സ് പേഴ്സൺ ആകാനുള്ള ട്രെയിനിംഗിന് താല്പര്യമുള്ള സിസ്റ്റേഴ്സ്, അദ്ധ്യപകർ എന്നിവർ വികാരിയച്ചന്റെ റെക്കമെന്റേഷൻ ലെറ്ററോടുകൂടി ഫെബ്രുവരി 15-ന് മുമ്പ് പേര് നൽകണം. അഡ്രസ്സ്, ഫോൺ നമ്പർ, ഇടവക എന്നിവ രേഖപ്പെടുത്തിയിരിക്കണം. തീയതി പിന്നീട് അറിയിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും.

*V. 15/2016* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

ഫെബ്രുവരി 13 ശനി
Contact Class II - Std. XI, XII
സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ
സമയം : 9.30 a.m. – 3.30 p.m.

*V.16/2016* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 1-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 30 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

വിശ്വാസോത്സവം 4 ദിവസവും (ഏപ്രിൽ 4 മുതൽ 7 വരെ) രാവിലെ 9.00 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

*V. 17/2016* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും നേരത്തെ ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*V. 18/2016* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

തീയതി : ഏപ്രിൽ 12 ചൊവ്വ

സമയം : 10.30 - 12.30

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family LPS |
| Paingottoor | - | St. Joseph HSS |

**പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1 **എ, ബി ഫോമുകളിൽ 80% മാർക്കിൽ താഴെയുള്ളവരുടെ പേരുകൾ ശ്രദ്ധയിൽപ്പെട്ടു. അവരെ പരീക്ഷയ്ക്ക് പറഞ്ഞയയ്ക്കേണ്ടതില്ല.**

2 കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതിയ ബി. ഫോം രണ്ടാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പറിനോടൊപ്പം ഇടവകകളിലേക്ക് തരുന്നതാണ്. പരീക്ഷയ്ക്ക് വരുന്ന കുട്ടികളുടെ കൈവശം ബി ഫോം കൊടുത്തുവിടേണ്ടതാണ്.

3 എ ഫോമിലും ബി ഫോമിലും പേരില്ലാത്ത കുട്ടികളെ പരീക്ഷയിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.



*V. 19/2016* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന SMC അവാർഡ് പ്രതിഭാസംഗമത്തിൽ സംസ്ഥാനതലത്തിൽ റോഷ്നി ബെന്നി കുന്നനാനിക്കപ്പടവിൽ കദളിക്കാട് ഒന്നാംസ്ഥാനം നേടി. റോഷ്നിക്ക് ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V. 20/2016* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് തരികയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9497187834, 8281853557**

*V. 21/2016* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Director*

## Corporate Educational Agency

*Edn. 7 /2016* **അപേക്ഷാഫോറം**

2016-17 വർഷത്തിലേക്കുള്ള പ്രമോഷനും ട്രാൻസ്ഫറിനുമുള്ള അപേക്ഷാഫോറങ്ങൾ 01-03-2016 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാഫോറങ്ങൾ പൂരിപ്പിച്ച് 31-03-2016-ന് മുമ്പ്

ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അപേക്ഷ നൽകിയിട്ടുള്ളവരും ഈ വർഷം അപേക്ഷ നൽകേണ്ടതാണ്.

*Edn. 8 /2016* **അവാർഡ്**

ലോകബഹിരാകാശ വാരാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം വിക്രം സാരാഭായ് സ്പെയ്സ് സെന്ററിന്റെ (VSSC) ആഭിമുഖ്യത്തിൽ നടത്തിയ പരിപാടികളിൽ പൈങ്കുളം സെന്റ് തോമസ് യു.പി. സ്കൂൾ ഇടുക്കി റവന്യൂ ജില്ലയിലെ Best School ആയി തുടർച്ചയായി 6-ാം തവണയും തെരഞ്ഞെടുക്കപ്പെട്ടു. ഇടുക്കി റവന്യൂ ജില്ലയിലെ Best Science Co-ordinator ആയി ഈ സ്കൂളിലെ ശ്രീ. ജിജി ജേക്കബ് റ്റി.സി. തെരഞ്ഞെടുക്കപ്പെട്ടു.

കോതമംഗലം സബ്ജില്ല സംസ്കൃതോത്സവത്തിൽ നാടുകാണി സെന്റ് തോമസ് യു.പി. സ്കൂൾ Over all കരസ്ഥമാക്കി.

*Secretary*

## തിരുബാലസഖ്യം

*HC 2 /2016* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

**ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും ഫെബ്രുവരി 13 -ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക്** മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. എല്ലാ ശാഖകളിലെയും ഡയറക്ടർമാരും ആനിമേറ്റേഴ്സും ശാഖാ ഭാരവാഹികളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമല്ലോ.

*HC 3/2016* **ബാഡ്ജ്, അംഗത്വകാർഡ്, പ്രാർത്ഥനാ പുസ്തകം**

തിരുബാലസഖ്യം സംഘടനയുടെ ബാഡ്ജ്, അംഗത്വകാർഡ്, പ്രാർത്ഥനാ പുസ്തകം എന്നിവ തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. ബാഡ്ജ് വില - 10 രൂപ, അംഗത്വകാർഡ് വില - 5 രൂപ, പ്രാർത്ഥനാ പുസ്തകം - 5 രൂപ.

*Director*



## ചെറുപുഷ്പമിഷൻലീഗ്

*CML 11 /2016* **ചെറുസൂനം ക്വിസ്**

ഈ വർഷത്തെ ചെറുസൂനം ക്വിസ് 2016 ഫെബ്രുവരി 14 ഞായറാഴ്ച വേദപാഠത്തിനുശേഷം എല്ലാ ശാഖകളിലും നടത്തുന്നു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ശാഖയ്ക്ക് പ്രത്യേകം ട്രോഫി നൽകുന്നതാണ്. മൂല്യനിർണ്ണയം അതാതു ശാഖകളിൽ നടത്തിയശേഷം ഉത്തരക്കടലാസുകൾ രൂപതാ ഓഫീസിൽ ഫെബ്രുവരി 28-ന് മുമ്പ് ഏല്പിക്കുക.

*CML 12 /2016* **ചെറുസൂനം ക്വിസ് 2015 - രൂപതാതല വിജയികൾ**

**UP വിഭാഗം**

I റ്റിയ മോൾ സെബാസ്റ്റ്യൻ, നെല്ലിമറ്റം
II റ്റെസാ മോൾ സെബാസ്റ്റ്യൻ, നെല്ലിമറ്റം

**HS വിഭാഗം**

I ഡോൺ സാവിയോ ജോർജ്, കുളപ്പുറം
II റിയ ജോസഫ്, മൂവാറ്റുപുഴ ഈസ്റ്റ്

*CML 13 /2016* **ഉപന്യാസ മത്സര വിജയികൾ**

**അല്മായ മിഷനറിമാർ**

I മരിയ ബെന്നി, പൈങ്ങോട്ടൂർ
II സ്വപ്ന ഫിലിപ്പ്, മൂവാറ്റുപുഴ

**ആനിമേറ്റേഴ്സ്**

I സി. മരിയാൻസി സി.എസ്.എൻ., തൃക്കാരിയൂർ
II സി. റാണിറ്റ് എഫ്.സി.സി., മൂവാറ്റുപുഴ ഈസ്റ്റ്

*CML 14 /2016* **വരിസംഖ്യ അടയ്ക്കുക**

ചെറുസൂനം, കലണ്ടർ, കൂപ്പൺ എന്നിവയുടെ വരിസംഖ്യ ഇതുവരെ അടയ്ക്കാത്തവർ എത്രയും വേഗം അവ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

*CML 15/2016* **കുട്ടികൾക്കുള്ള ധ്യാനം**

യു. പി. വിഭാഗക്കാർക്കുള്ള ധ്യാനം **2016 ഏപ്രിൽ 10**-ാം തീയതി വൈകിട്ട് 4 മണിക്ക് ആരംഭിച്ച് **ഏപ്രിൽ 13**-ാം തീയതി രാവിലെ 10.00 മണിക്ക് സമാപിക്കുന്ന വിധത്തിൽ **നെസ്റ്റിൽ** ക്രമീകരിച്ചിരിക്കുന്നു.

എച്ച. എസ്., എച്ച്. എസ്. എസ്. വിഭാഗക്കാർക്കുള്ള ധ്യാനം **2016 ഏപ്രിൽ 14** -ാം തീയതി വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് **ഏപ്രിൽ** 17-ാം തീയതി രാവിലെ 10.00 മണിക്ക് സമാപിക്കുന്ന വിധത്തിൽ **നെസ്റ്റിൽ** ക്രമീകരിച്ചിരിക്കുന്നു.

ധ്യാനത്തിന്റെ ഫീസ് **500** രൂപ ആയിരിക്കും. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം **മാർച്ച് 30** -ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ.

*CML 16/2016* **വി. എവുപ്രാസ്യാമ്മ – ചിത്രകഥ**

വി. എവുപ്രാസ്യാമ്മയുടെ ജീവചരിത്രം ചിത്രകഥാരൂപത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. കോപ്പികൾ ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക. വില – 20 രൂപ.

*Director*

## കെ.സി.എസ്.എൽ.

*KCSL 5/2016* **സംസ്ഥാന കലോത്സവ വിജയികൾ**

**ഇംഗ്ലീഷ് പ്രസംഗം**

**UP** നിഖിത സാം, ജയ്റാണി പബ്ലിക് സ്കൂൾ, കാളിയാർ IIA
**HS** ആൽഫി ജോളി, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട് A
**HSS** ട്രീസ ജോണി, SAGHSS, മൂവാറ്റുപുഴ A

**പാനവായന**

**UP** ആൻഡ്രിയ റോസ് ജോസഫ്, ജയ്റാണി പബ്ലിക് സ്കൂൾ, തൊടുപുഴ IIA
**HS** റിയ വിൻസെന്റ്, ജയ്റാണി പബ്ലിക് സ്കൂൾ, തൊടുപുഴ A
**HSS** അലീഷ കെ. ബിജു, SGHSS, മുതലക്കോടം IA

**കഥാപ്രസംഗം**

**UP** റീമ റോസ് രാജേഷ്, വിമല മാതാ HSS, കദളിക്കാട് IIIA
**HS** ഹർഷ റെജി, SAGHSS, കോതമംഗലം A
**HSS** സോയ സാബു, SAGHSS, മൂവാറ്റുപുഴ IIIA

**മോണോ ആക്ട്**

**UP** അനില ജെയ്സൺ, SSUPS, തൊടുപുഴ A
**HS** ഹർഷ റെജി, SAGHSS, കോതമംഗലം A



**HSS** സോയ സാബു, SAGHSS, മൂവാറ്റുപുഴ IIA

**ഭക്തിഗാനം**

**UP Boys** ജുവേൽ റെജി, SSUPS, തൊടുപുഴ B
**UP Girls** ആൻഡ്രിയ റോസ് ജോസഫ്, Jai Rani Public School, തൊടുപുഴ IIA
**HS Boys** ഡോമനിക്ക് ആന്റണി, SSHS, തൊടുപുഴ B
**HSS Boys** ടോമിൻ പി. ജോൺ, SGHSS, മുതലക്കോടം IIA
**HSS Girls** അലീഷ കെ. ബിജു, SGHSS, മുതലക്കോടം IIIA

**നാടോടി നൃത്തം**

**UP** ജോസ്ന സിജു, SAGHSS, കോതമംഗലം A
**HS** അലീന പീറ്റർ, SAGHSS, മൂവാറ്റുപുഴ IIIA
**HSS** ആതിര ബേബി, ജയ്റാണി EMHSS, തൊടുപുഴ IIA

**മാർഗ്ഗം കളി**

**UP** SAGHSS, മൂവാറ്റുപുഴ B
**HS** SAGHSS, കോതമംഗലം A
**HSS** SAGHSS, മൂവാറ്റുപുഴ IIIA

**കദളിക്കാട്ടിൽ പ്രസംഗം**

**HSS** പോൾ സേവി, SAGHSS, കോതമംഗലം IIA

**ഫാ. വില്യം പ്രസംഗം**

**UP** അലീന ജോർജ്, വിമല മാതാ HSS, കദളിക്കാട് A

**ചാവറ പ്രസംഗം**

**HS** പോൾ ഡെന്നി, സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട് A

**സ്റ്റഡി സർക്കിൾ**

**UP** വിമല മാതാ HSS, കദളിക്കാട് A
**HS** സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട് A
**HSS** SAGHS, കോതമംഗലം B

**ചവിട്ടുനാടകം**

**UP** SSUPS, തൊടുപുഴ B
**HS** SAGHSS, മൂവാറ്റുപുഴ A

**പരിചമുട്ട്**

**UP** SSUPS, തൊടുപുഴ C
**HSS** SGHSS, മുതലക്കോടം A

**കെ.സി.എസ്. എൽ ആന്തം**

| | | |
|---|---|---|
| **UP** | SAGHSS, കോതമംഗലം | A |
| **HS** | SSHS, തൊടുപുഴ | A |
| **HSS** | SAGHSS, മൂവാറ്റുപുഴ | A |

*KCSL 6/2016* **ശതാബ്ദി റാലി വിജയികൾ**

I സെന്റ് ജോസഫസ് HSS, പൈങ്ങോട്ടൂർ
II സെന്റ് അഗസ്റ്റിൻസ് HSS, കോതമംഗലം
III വിമല മാതാ HSS, കദളിക്കാട്

*KCSL 7/2016* **എക്സലന്റ് അവാർഡ് വിജയികൾ**

I പോൾ സേവി, സെന്റ് ജോർജ് HSS, കോതമംഗലം
II സാന്ദ്ര ജയിംസ്, സെന്റ് അഗസ്റ്റിൻസ് HSS, മൂവാറ്റുപുഴ
III ദീപക് റ്റി. കാപ്പൻ, സെന്റ് ജോർജ് HSS, മുതലക്കോടം

*KCSL 8/2016* **കരോൾഗാന മത്സര വിജയികൾ**

I സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട്
II സെന്റ് അഗസ്റ്റിൻസ് HSS, മൂവാറ്റുപുഴ
III സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ പോത്താനിക്കാട്

*KCSL 9/2016* **ക്രിസ്തുമസ് സന്ദേശ മത്സരവിജയികൾ**

I പോൾ സേവി, സെന്റ് ജോർജ് HSS, കോതമംഗലം
II ജോർജിൻ സാബു, സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട്
III സാന്ദ്ര ജയിംസ്, സെന്റ് അഗസ്റ്റിൻസ് HSS, മൂവാറ്റുപുഴ

*KCSL 10/2016* **ജൂബിലി സ്മരണിക**

കെ.സി.എസ്.എൽ. ജൂബിലി വർഷത്തിൽ മുൻകാല പ്രവർത്തനങ്ങളെയും പ്രവർത്തകരെയും ആദരിച്ചുകൊണ്ട് ഒരു സ്മരണിക പുറത്തിറക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്മരണികയിലേക്ക് ക്രിസ്തീയ ചൈതന്യത്തിലുള്ള സർഗാത്മകസൃഷ്ടികൾ കെ.സി. എസ്.എൽ. അംഗങ്ങളിൽ നിന്നും ആനിമേറ്റേഴ്സിൽ നിന്നും ക്ഷണിക്കുകയാണ്. കൂടാതെ 75-ാം വർഷത്തിന്റെ പശ്ചാത്തലത്തിൽ നാം തയ്യാറാക്കുന്ന സ്മരണികയ്ക്ക് ഉചിതമായ പേര് നിർദേശിക്കുവാൻ ഓരോ അംഗത്തിനും അവസരമുണ്ട്. സ്കൂൾ പ്രവർത്തനങ്ങളുടെ പുതുമയും സവിശേഷതകളും ഉൾപ്പെടുന്ന ഹ്രസ്വമായ സ്കൂൾ ചരിത്രവും ഫോട്ടോയും ആനിമേറ്റേഴ്സിനു തയ്യാറാക്കാവുന്നതാണ്.



മികച്ച 5 രചനകൾക്കും ഉചിതമായ സ്മരണികയുടെ പേരിനും രൂപതാതലത്തിൽ പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും. തയ്യാറാക്കുന്ന **രചനകളും പേരും 2016 ഫെബ്രുവരി 20**-ന് മുമ്പ് **കെ.സി.എസ്.എൽ. ഓഫീസിൽ** എത്തിക്കണം.

*KCSL 11/2016* **നേതൃത്വപരിശീലന ക്യാമ്പ്**

ഈ വർഷത്തെ നേതൃത്വപരിശീലനക്യാമ്പ് **2016 മാർച്ച് 31**-ാം തീയതി വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് **ഏപ്രിൽ 2**-ാം തീയതി വൈകിട്ട് 4.00 മണിക്ക് സമാപിക്കുന്ന വിധത്തിൽ ക്രമീകരിച്ചിരിക്കുകയാണ്. നേതൃത്വതലത്തിലേക്കുള്ള നമ്മുടെ കുട്ടികളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തും വിധത്തിൽ ആസൂത്രണം ചെയ്തിരിക്കുന്ന ക്യാമ്പിലേക്ക് മികച്ച കുട്ടികളെത്തന്നെ പറഞ്ഞയയ്ക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കണം. **നെസ്റ്റിൽ** വച്ചു നടത്തപ്പെടുന്ന ക്യാമ്പിന്റെ ഫീസ് **300** രൂപ ആയിരിക്കും. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം **മാർച്ച് 15** -ന് മുമ്പ് കെ.സി.എസ്.എൽ. ഓഫീസിൽ എത്തിക്കുമല്ലോ.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 5/2016* **അഭിനന്ദനങ്ങൾ**

DFC ഫൊറോന സമിതി രൂപീകരിച്ച തൊടുപുഴ ഫൊറോനയ്ക്കും ഫൊറോന ഡയറക്ടർ ബഹു. ജോർജ് വള്ളോംകുന്നേൽ അച്ചനും അഭിനന്ദനങ്ങൾ നേരുന്നു.

*DFC 6/2016* **റിസോഴ്സ് ടീം**

DFC യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹായിക്കുവാനും DFC യുടെ പ്രവർത്തനങ്ങളെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും ബോധ്യങ്ങൾ നൽകുന്നതിനുമായി DFC റിസോഴ്സ് ടീം തയ്യാറാണ്. ആവശ്യമുള്ളവർ ബന്ധപ്പെടുക. Ph. 8111841023.

*DFC 7/2016* **യൂണിറ്റ് രൂപീകരണം**

ഇനിയും യൂണിറ്റുകൾ ആരംഭിക്കാത്ത ഇടവകകളിൽ യൂണിറ്റ് ആരംഭിച്ച് ഭാരവാഹികളുടെ ലിസ്റ്റ് നൽകുമല്ലോ.

*Co-ordinator*

## സോഷ്യൽ സർവീസ്

*SS. 9/2016* **നേത്രദാനം മഹാദാനം**

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നേത്രദാന പദ്ധതി വഴി പരീക്കണ്ണി ജീവ മിൽക്കിലെ സ്റ്റാഫ് ആയിരുന്ന ജിബിൻ വർഗീസിന്റെ കണ്ണുകൾ ദാനം ചെയ്തു. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ വിദഗ്ദ്ധരാണ് കണ്ണുകൾ എടുക്കുന്നതിന് നേതൃത്വം നൽകിയത്. കണ്ണുകൾ ദാനം ചെയ്യാൻ സന്മനസു കാണിച്ച ജിബിന്റെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും സോഷ്യൽ സർവ്വീസസിന്റെ നന്ദി.

*SS. 10/2016* **ക്യാൻസർ പരിശോധനാക്യാമ്പ് നടത്തി**

രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നെടുങ്ങപ്ര സെന്റ് ആന്റണീസ് ചർച്ച് പാരീഷ് ഹാളിൽവച്ച് സൗജന്യ ക്യാൻസർ പരിശോധനാക്യാമ്പ് നടത്തി. വേങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. എ. ഷാജി ഉദ്ഘാടനം ചെയ്തു. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിന്റെ കീഴിൽ എറണാകുളത്ത് പ്രവർത്തിക്കുന്ന ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററിലെ ഡോക്ടറും ടീമുമാണ് ക്യാമ്പിന് നേതൃത്വം നൽകിയത്. ഇടവക വികാരി ഫാ. ജോർജ് തെക്കേയറ്റത്ത് മുഖ്യപ്രഭാഷണം നടത്തി. ഫാ. ജോസ് മൂർക്കാട്ടിൽ, ജോൺസൺ കറുകപ്പിള്ളിൽ, രാജേഷ് പിട്ടാപ്പിള്ളിൽ, ഷാജി ആന്റണി എന്നിവർ പ്രസംഗിച്ചു. ക്യാമ്പിൽ 98 രോഗികളെ പരിശോധിച്ചു.

*SS. 11/2016* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയന്റെ ഓഡിറ്റിംഗ് കൃത്യമായ തീയതിക്ക് തന്നെ എല്ലാ സംഘവും നടത്തേണ്ടതാണ്. ഘട്ടം പൂർത്തിയാക്കുന്ന സംഘങ്ങൾ പുതിയ ഘട്ടം ആരംഭിക്കാനുള്ള നടപടികൾ ചെയ്യേണ്ടതാണ്. ഓഡിറ്റിംഗ് കഴിഞ്ഞ സംഘങ്ങൾ ഓഡിറ്റ് റിപ്പോർട്ട് KSSS ഓഫീസിൽ എത്തിക്കുവാൻ താല്പര്യപ്പെടുന്നു. കേന്ദ്രഭരണ സമിതിയുടെ തീരുമാന പ്രകാരം ഈ വർഷം മുതൽ ക്രെഡിറ്റ് യൂണിയനിൽ ഓഹരി കളക്ഷനും ഉണ്ടായിരിക്കുന്നതാണ്.



*SS. 12/2016* **വാർഷികം ആഘോഷിച്ചു**

കോതമംഗലം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പഴമ്പിള്ളിച്ചാലിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയന്റെ 24-ാം വാർഷികം ഫാ. ജോർജ് കുരിശുംമൂട്ടിൽ ഉദ്ഘാടനം ചെയ്തു. രക്ഷാധികാരി ഫാ. മാത്യു തൊഴാലെ അദ്ധ്യക്ഷത വഹിച്ചു. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. ടോമി കൈതവേലിൽ, ജോൺസൺ കറുകപ്പിള്ളിൽ, ലില്ലി ആന്റണി, ഷെനി ജോസ്, സി. എമിലി FCC, ആൻസി ബാബു, ബാബു കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

*SS. 13/2016* **ഊർജ്ജസംരക്ഷണ സെമിനാർ നടത്തി**

കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റിയും എനർജി മാനേജ്മെന്റ് സെന്ററും സംയുക്തമായി ഊർജ്ജസംരക്ഷണ സെമിനാർ നടത്തി. കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന യോഗം റ്റി. യു. കുരുവിള MLA ഉദ്ഘാടനം ചെയ്തു. KSSS ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ അദ്ധ്യക്ഷത വഹിച്ചു. എനർജി മാനേജ്മെന്റ് സെന്റർ ട്രെയിനിംഗ് ടീം അംഗങ്ങളായ എ. വി. ജേക്കബ്, ശശി ബി. മറ്റം എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ജോൺസൺ കറുകപ്പിള്ളിൽ, സി. ആൻഗ്രെയ്സ്, ഫെബിൻ ഫ്രാൻസീസ്, അജി ജിജോ, സി. നവീന, ചിന്നമ്മ ജോസ് എന്നിവർ പ്രസംഗിച്ചു.

*SS. 14/2016* **ജീവ മിൽക്ക് സ്കോളർഷിപ്പ്**

പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പഠനത്തിൽ സഹായിക്കുവാനുള്ള സ്കോളർഷിപ്പ് മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും ജീവാ മിൽക്കിൽ നിന്നും നൽകുന്നു. 30000 രൂപ വീതം 120 (ആകെ മുപ്പത്താറു ലക്ഷം) പേർക്ക് ഇതു നൽകുവാൻ ഉദ്ദേശിക്കുന്നു. ഒരു കുട്ടിക്ക്

ഒരു പ്രാവശ്യം മാത്രമാണ് ഈ സ്കോളർഷിപ്പ് ലഭിക്കുക. സാമ്പത്തികശേഷിയാണ് പ്രധാനമായും ഇതിൽ പരിഗണനാ വിഷയം.

സ്കോളർഷിപ്പിനുള്ള അപേക്ഷാഫോറം www.jeevaklm.com എന്ന വെബ്സൈറ്റിൽ നിന്ന് 25.01.2016 മുതൽ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. കൃത്യമായി പൂരിപ്പിച്ച അപേക്ഷകൾ സർട്ടിഫിക്കറ്റോടുകൂടി പരീക്കണ്ണി സെൻട്രൽ ഓഫീസിലോ കോതമംഗലം ജീവ മിൽക്കിന്റെ ഓഫീസിലോ, മൂവാറ്റുപുഴ, തൊടുപുഴ, വാഴക്കുളം എന്നിവിടങ്ങളിലെ ജീവ മെഡിക്കൽ ഷോപ്പുകളിലോ, 2016 ഫെബ്രുവരി 18-ാം തീയതി 5.00 pm -ന് മുമ്പായി ലഭിക്കേണ്ടതാണ്. ഒരു വിദഗ്ദ്ധ സമിതി ഏറ്റവും അർഹരായവരെ തെരഞ്ഞെടുക്കുന്നതായിരിക്കും. സ്കോളർഷിപ്പിന് അർഹരായവരെ ഫെബ്രുവരി 29-ന് മുമ്പായി അറിയിക്കുന്നതാണ്.

*SS. 15/2016* **ASHAKIRANAM TIN COLLECTION FROM PARISHES 2015-16**

| Sl No | Place | Amount | Families | Ave. Donation from families |
|---|---|---|---|---|
| 1 | Alakode | 138300 | 440 | 314 |
| 2 | Ambikapuram | 23873 | 215 | 111 |
| 3 | Anchiri | 0 | | |
| 4 | Anicadu | 196800 | 753 | 261 |
| 5 | Arakuzha | 200000 | 630 | 317 |
| 6 | Arikuzha | 124015 | 426 | 291 |
| 7 | Ayavana | 77060 | 465 | 166 |
| 8 | Bethlehem | 64000 | 451 | 142 |
| 9 | Cathedral | 473263 | 2011 | 235 |
| 10 | Chalassery | 36416 | 146 | 249 |
| 11 | Cheenikuzhy | 50522 | 277 | 182 |
| 12 | Cheppukulam | 12500 | 228 | 55 |
| 13 | Chilavu | 47088 | 338 | 139 |
| 14 | Chittoor | 80753 | 370 | 218 |
| 15 | Enanalloor | 43040 | 178 | 242 |
| 16 | Ezhalloor | 0 | | |
| 17 | Inchathotty | 0 | | |
| 18 | Inchoor | 57169 | 300 | 191 |
| 19 | Kadalikad | 138056 | 535 | 258 |
| 20 | Kadavoor | 77500 | 322 | 241 |
| 21 | Kalayanthany | 0 | | |
| 22 | Kaliyar | 133792 | 619 | 216 |
| 23 | Kallanickal | 208000 | 720 | 289 |
| 24 | Kallelimedu | 0 | | |
| 25 | Kalloorkad | 236320 | 840 | 281 |
| 26 | Kaloor | 130600 | 655 | 199 |
| 27 | Karakunnam | 131365 | 370 | 355 |
| 28 | Karimannoor | 224000 | 995 | 225 |
| 29 | Kavakkad | 34867 | 252 | 138 |
| 30 | Keerampara | 63277 | 366 | 173 |
| 31 | Kodikulam | 150001 | 535 | 280 |
| 32 | Koduvely | 106999 | 340 | 315 |
| 33 | Kolady | 36950 | 170 | 217 |
| 34 | Kottappady | 66612 | 269 | 248 |
| 35 | Kulappuram | 31415 | 181 | 174 |
| 36 | Kuninji | 100000 | 348 | 287 |
| 37 | Kuruppumpady | 100000 | 550 | 182 |
| 38 | Kuthumkal | 30000 | 92 | 326 |
| 39 | Kuttampuzha | 70000 | 376 | 186 |
| 40 | Malayinchi | 33250 | 131 | 254 |
| 41 | Malippara | 75005 | 297 | 253 |
| 42 | Mamalakandam | 20260 | 95 | 213 |
| 43 | Marady | 90644 | 262 | 346 |
| 44 | Marika | 201060 | 748 | 269 |
| 45 | Mathirappilly | exempted from collection | | |
| 46 | Meenkunnam | 94000 | 400 | 235 |
| 47 | Mekkadampu | 0 | | |
| 48 | Mudavoor | 14085 | 56 | 252 |
| 49 | Mulappuram | 3321 | 122 | 27 |
| 50 | Mullaringad | 61166 | 350 | 175 |
| 51 | Mundanmudy | 72561 | 315 | 230 |
| 52 | Muthalakodam | 380162 | 1471 | 258 |
| 53 | Muttathupara | 19584 | 68 | 288 |
| 54 | Muvattupuzha Holy Magi | 262058 | 986 | 266 |
| 55 | Mailacombu | 166630 | 660 | 252 |
| 56 | Nadukani | 61816 | 351 | 176 |
| 57 | Nadukara | 68891 | 288 | 239 |
| 58 | Nakapuzha | 179774 | 715 | 251 |
| 59 | Nediakad | 221500 | 906 | 244 |
| 60 | Nediasala | 180801 | 532 | 340 |
| 61 | Nedungapra | 110000 | 365 | 301 |

| | | | | |
|---|---|---|---|---|
| 62 | Neendapara | 45070 | 205 | 220 |
| 63 | Nellikuzhi | 33000 | 250 | 132 |
| 64 | Nellimattam | 174400 | 738 | 236 |
| 65 | Neriamangalam | 54400 | 390 | 139 |
| 66 | Neyyassery | 97283 | 481 | 202 |
| 67 | Nirmala Matha Muvattupuzha | 186150 | 306 | 608 |
| 68 | Njarakad | 68961 | 485 | 142 |
| 69 | Njayappilly | 49468 | 210 | 236 |
| 70 | Oonnukal | 0 | | |
| 71 | Paingottoor | 147720 | 704 | 210 |
| 72 | Pallickamury | 86280 | 430 | 201 |
| 73 | Pannimattam | 74560 | 539 | 138 |
| 74 | Parapuzha | 79950 | 245 | 326 |
| 75 | Pareekanny | 80727 | 200 | 404 |
| 76 | Parisakallu | 9056 | 46 | 197 |
| 77 | Pazhampillichal | 12054 | 117 | 103 |
| 78 | Peringassery | 24001 | 76 | 315 |
| 79 | Peringuzha | 132195 | 395 | 335 |
| 80 | Perumannoor | 33882 | 234 | 145 |
| 81 | Perumballoor | 67500 | 281 | 240 |
| 82 | Perumpallichira | 0 | | |
| 83 | Ponnamthanam | 65000 | 339 | 192 |
| 84 | Pooyamkutty | 57875 | 165 | 351 |
| 85 | Pothanikad | 100700 | 458 | 220 |
| 86 | Puliyanpara | 60000 | 155 | 387 |
| 87 | Punnamattam | 10360 | 68 | 152 |
| 88 | Purapuzha | 72002 | 403 | 179 |
| 89 | Randar | 50705 | 223 | 227 |
| 90 | Thalayanad | 76000 | 243 | 313 |
| 91 | Thattakuzha | 16512 | 92 | 179 |
| 92 | Thazhuvamkunnu | 63500 | 245 | 259 |
| 93 | Thennathoor | 17000 | 178 | 96 |
| 94 | Thodupuzha East | 137967 | 305 | 452 |
| 95 | Thodupuzha Town | 318050 | 1100 | 289 |
| 96 | Thommankuth | 95536 | 348 | 275 |
| 97 | Thottakkara | 0 | | |
| 98 | Thrikkariyoor | 38931 | 155 | 251 |
| 99 | Udumpannoor | 141950 | 532 | 267 |
| 100 | Uppukunnu | 17860 | 57 | 313 |



| | | | | |
|---|---|---|---|---|
| 101 | Urulanthanny | 0 | | |
| 102 | Vadakode | 20286 | 98 | 207 |
| 103 | Vadattupara | 70715 | 373 | 190 |
| 104 | Vandamattam | 72715 | 383 | 190 |
| 105 | Vannapuram | exempted from collection | | |
| 106 | Vazhakala | 62730 | 217 | 289 |
| 107 | Vazhakulam | 511111 | 1567 | 326 |
| 108 | Vazhapilly East | 0 | | |
| 109 | Velielchal | 77472 | 494 | 157 |
| 110 | Vellallu | exempted from collection | | |
| 111 | Vettampara | 23862 | 121 | 197 |
| 112 | Vettimattam | 0 | | |
| | | **9646617** | | |

*Director*

## യുവദീപ്തി

### *YD 1/2016* കെ.സി.വൈ.എം. കോതമംഗലം രൂപതയ്ക്ക് പുതിയ നേതൃത്വം

മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് ഡിസംബർ 26, 27 തീയതികളിൽ രൂപത യുവദീപ്തി കെ.സി.വൈ.എം. 2015 വാർഷിക കൗൺസിൽ നടത്തപ്പെട്ടു. കൗൺസിലിൽ വച്ച് 2016 വർഷത്തേക്കുള്ള പ്രവർത്തന സമിതിയെ തെരഞ്ഞെടുത്തു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. മുൻ രൂപത പ്രസിഡന്റ് ശ്രീ. ഫെബിൻ ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സി. കാരുണ്യയുടെ നേതൃത്വത്തിലാണ് ഇലക്ഷൻ നടന്നത്. വാഴക്കുളം ഇടവകാംഗമായ ടോം ചക്കാലക്കുന്നേൽ 2016 വർഷത്തേക്കുള്ള പ്രസിഡന്റായും തൊടുപുഴ ചിറ്റൂർ ഇടവകാംഗമായ അബി മാത്യൂസ് ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ താഴെപറയുന്നവരാണ്. വൈസ് പ്രസിഡന്റ്: അനിറ്റ സിറിൾ, ജോസ് കെ. പീറ്റർ; സെക്രട്ടറിമാർ: അജിൻ ജോയി, ജിയോ ജേക്കബ്, ജിനു ജോസ്, ജോസ്ന ജോൺ; ട്രഷറർ: സിറിൾ ജോസഫ്. തുടർന്ന് നടന്ന സംയുക്ത കമ്മിറ്റിയിൽ നിന്ന് താഴെ പറയുന്ന അംഗങ്ങളെ നോമിനേറ്റ് ചെയ്തു. സിൻഡിക്കേറ്റ് : ദിവ്യ ഫ്രാൻസിസ്, ആന്റോ

ആന്റണി; സെനറ്റ്: സീലിയ ജോസ്, അനു ജോൺ, അമൽ മാത്യു ബാനി ജോയി.

### *YD 2/2016* Yobel - Parish Youth Meet

ജൂബിലി വർഷത്തോടനുബന്ധിച്ച് ഇടവകതോറും നടത്തുന്ന സായാഹ്ന പ്രാർത്ഥനാക്കൂട്ടായ്മയായ 'Yobel' നല്ല രീതിയിൽ മുമ്പോട്ടുപോകുന്നു. കഴിഞ്ഞ മാസം ചിറ്റൂർ, തൊടുപുഴ, കോലടി, ആരക്കുഴ, പെരിങ്ങഴ എന്നിവിടങ്ങളിൽ കൂട്ടായ്മ നടത്തുകയുണ്ടായി. 'Yobel' നടത്താത്ത ഇടവകകളിൽ നടത്താൻ ഡയറക്ടറച്ചന്മാർ സഹകരിക്കുമല്ലോ.

യുവദീപ്തി-കെ.സി.വൈ.എം. പ്രസ്ഥാനം നമ്മുടെ രൂപതയിൽ ആരംഭിച്ചിട്ട് 25 വർഷം തികയുന്നതിനോടനുബന്ധിച്ച് കെ.സി.വൈ.എം. സംഘടനാസമ്മേളനം ഏപ്രിൽ 9-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. രാവിലെ 9.30-ന് ജൂബിലി കുർബാനയോടെ ആരംഭിച്ച് ഉച്ചതിരിഞ്ഞ് 3.30-ന് സമാപിക്കുന്നു.

ഏപ്രിൽ 14-ാം തീയതി ജൂബിലി യുവജനറാലിയും പൊതുസമ്മേളനവും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ടൗൺ പള്ളിയിൽ നടത്തുന്നതായിരിക്കും.

### *YD 3/2016* Pray 4 Parish Project

രൂപതയിലെ എല്ലാ ഇടവകകളെയും പ്രത്യേകമാംവിധം ഓരോ ദിവസവും സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനായി രൂപപ്പെടുത്തിയ P4P (Pray 4 Parish) Project ഒന്നാം ഘട്ടം അവസാനിച്ചു. സെപ്തംബർ 7 മുതൽ ഡിസംബർ 31 വരെ 4 മാസക്കാലത്തോളം ദൈർഘ്യമുണ്ടായിരുന്ന പ്രോജക്ടിൽ നൂറ്റിപന്ത്രണ്ടോളം ഇടവകകളെയും രൂപതാ സ്ഥാപനങ്ങൾ ഉൾപ്പെടെ രൂപതയെയും സമഗ്രമായി പ്രാർത്ഥനയിൽ സമർപ്പിക്കുന്നതിന് സാധിച്ചു. നവമാധ്യമങ്ങളായ വാട്സ് അപ്പ്, ഫെയ്സ് ബുക്ക് എന്നിവ വഴി ഇടവകതലം മുതൽ അന്തർദേശീയതലം വരെയുള്ള ആയിരക്കണക്കിന് രൂപതാംഗങ്ങളെ ദിവസേന പ്രാർത്ഥനയിൽ ഒരുമിപ്പിച്ച കെ.സി.വൈ.എം. രൂപത മീഡിയ ടീമിനെ അഭിനന്ദിക്കുന്നതിനോടൊപ്പം ഇടവകകൾക്കുവേണ്ടി ദിവ്യബലികളും പ്രാർത്ഥനകളും അർപ്പിച്ച ഏവർക്കും നന്ദി പറയുന്നു.

### *YD 4/2016* ജീവിതദർശൻ ധ്യാനം

യുവജനങ്ങൾക്കായി കെ.സി.വൈ.എം. ഒരുക്കുന്ന ജീവിതദർശൻ



ധ്യാനം ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കുന്നതാണ്. ഈ വർഷം +2 പരീക്ഷ എഴുതുന്നവരെ കൂടി പ്രത്യേകം അറിയിക്കുമല്ലോ.

### *YD 5/2016* തിരുസന്നിധിയിൽ

ആത്മീയതയിലൂന്നിയ പ്രവർത്തനത്തിനായി പുതിയ പ്രവർത്തനവർഷത്തെ ഭാരവാഹികൾ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചു. റവ. ഫാ. തോമസ് കല്ലറയ്ക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അതോടൊപ്പം Vision 2016 എന്ന പേരിൽ നേതൃത്വ പരിശീലന ക്യാമ്പ് നടത്തപ്പെട്ടു.

### *YD 6/2016* നന്ദി

2015 പ്രവർത്തനവർഷം ദൈവകൃപയാൽ മനോഹരമാക്കുന്നതിനു വേണ്ടി പ്രവർത്തിച്ച ബഹു. വൈദികരെയും സന്യസ്തരെയും തീക്ഷ്ണതയോടെ പ്രസ്ഥാനത്തെ നയിച്ച യുവജനസുഹൃത്തുക്കളെയും നന്ദിയോടെ ഓർക്കുന്നു.

*Director*

## ജീസസ് യൂത്ത്

### *JY 3/2016* നൈറ്റ് വിജിൽ

ജീസസ് യൂത്ത് കോതമംഗലം സോണൽ നൈറ്റ് വിജിൽ ജനുവരി 9-ാം തീയതി 6.00 pm-ന് തുടങ്ങി ജനുവരി 10-ാം തീയതി 1.00 am-ന് വി. ബലിയോടു കൂടി സമാപിച്ചു. അടുത്ത നൈറ്റ് വിജിൽ ഫെബ്രുവരി 13-ന് ആയിരിക്കും.

### *JY 4/2016* കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം

ജീസസ് യൂത്ത് കൾച്ചറൽ എക്സ്ചേഞ്ച് 2015-ന്റെ സമാപനം 2015 ഡിസംബർ 28 മുതൽ 2016 ജനുവരി 1 വരെ നെല്ലിമറ്റം ഇടവകയിൽ നടന്നു. ഇന്ത്യയിലെ 17 സംസ്ഥാനങ്ങളിൽ നിന്നുള്ള 213 യുവജനങ്ങൾ പങ്കെടുത്തു. നെല്ലിമറ്റം ഇടവകയിലെ 105 ഭവനങ്ങളിൽ ആയിനാലുദിവസം താമസിച്ചു. അഭിവന്ദ്യ പിതാവ് സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. നെല്ലിമറ്റം ഇടവകയിലെ വികാരി ബഹു. ജോസ് വേങ്ങൂരാൻ അച്ചനും, അസി. വികാരി ബഹു. പൗലോസ് നെടുംതടത്തിൽ അച്ചനും കൈക്കാരന്മാർക്കും പാരീഷ് കൗൺസിൽ അംഗ

ങ്ങൾക്കും, ഇവരെ താമസിപ്പിച്ച കുടുംബാംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന് സഹകരിച്ച എല്ലാവരുടെയും (കുട്ടികളെ താമസിപ്പിച്ച ഭവനാംഗങ്ങളുടെയും വോളന്റിയേഴ്സിന്റെയും) ഗാതറിംഗും കൃതജ്ഞതാബലിയും ജനുവരി 24-ാം തീയതി ഞായറാഴ്ച 3 മണിക്ക് നെല്ലിമറ്റം പള്ളിയിൽ വച്ച് നടന്നു.

*Animator*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 3 /2016* **രൂപതാ കൗൺസിൽ**

ജനുവരി 26-ന് രൂപതാകൗൺസിൽ കൂടുകയും നിയമാവലി രൂപീകരണത്തിനുള്ള കരടുരേഖ തയ്യാറാക്കുകയും ചെയ്തു.

*FA 4 /2016* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| Feb. | 3 - 5 | - | NESTT |
| " | 17 - 19 | - | NESTT |

*FA 5 /2016* **Marriage Preparation Course in Kerala February 2016**

| DIOCESE/ ARCHDIOCESE | | | | |
|---|---|---|---|---|
| ALAPPPUZHA | 5-7 | | | 26-28 |
| CHANGANACHERY | 1-3 | | | 29-2 |
| ERNAKULAM (KALOOR) | 1-3 | | | 22-24 |
| ERNAKULAM (KALADY) | 2-4 | | | 23-25 |
| IDUKKI | | | | 22-24 |
| IRINJALAKUDA | 1-3 | | | 29-2 |
| KANJIRAPPALLY | | | 18-20 | |
| KANNUR | | | | |
| KOCHI (LATIN) | | 11-14 | | 26-28 |
| KOLLAM (LATIN) | 3-5 | | | 24-26 |
| KOTHAMANGALAM | 3-5 | | 17-19 | |
| KOTTAPPURAM (LATIN) | 3-5 | | | |
| KOTTAYAM | | | | |



| | | | | |
|---|---|---|---|---|
| MANANTHAVADY | | | | 21-24 |
| MAVELIKKARA (MALANKARA) | | 12-14 | | |
| NEYYATTINKARA (LATIN) | | 10-12 | | |
| PALA | 1-3 | | | 22-24 |
| PALAKKAD | 1-4 | | | |
| PATHANMTHITTA | | 12-14 | | |
| SULTHANPETT | 6-7 | | | |
| THALASSERY | 2-4 | | 16-18 | 23-25 |
| THAMARASSERY | | 10-13 | | |
| THIRUVALLA | | 9-11 | | 23-25 |
| THIRUVANATHAPURAM (LATIN) | 5-7 | | | 22-24 |
| THIRUVANATHAPURAM(MALANKARA) | | | 12-14 | |
| THRISSUR | 3-5 | 10-12 | 17-19 | 24-26 |
| VARAPPUZHA | 5-7 | | | |
| VIJYAPURAM | | 11-14 | 18-20 | |

*Director*

## മാതൃവേദി

*MV 5 /2016* **രൂപതാ കമ്മിറ്റി**

ജനുവരി 19, 20 തീയതികളിൽ മാതൃവേദിയുടെ ദേശീയ മീറ്റിംഗിനെക്കുറിച്ചു ചിന്തിക്കുവാൻ രൂപതാകമ്മിറ്റി കൂടി. ദേശീയ ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിലും ദേശീയ പ്രസിഡന്റ് ശ്രീമതി ഡെൽസി ലൂക്കാച്ചനും സെനറ്റംഗങ്ങളും സന്നിഹിതരായിരുന്നു.

*MV 6 /2016* **രൂപതാ, ഫൊറോന, യൂണിറ്റ് കൗൺസിൽ**

ജനുവരി 15-ാം തീയതി രൂപതാ, ഫൊറോന, യൂണിറ്റ് കൗൺസിൽ കൂടി കരുണയുടെ ഈ വർഷത്തിൽ യൂണിറ്റ്, ഫൊറോന തലത്തിൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറയുകയും മാതൃവേദിയുടെ പുതുക്കിയ നിയമാവലിയും രൂപരേഖയും നല്കുകയും ചെയ്തു. നമ്മുടെ രൂപതയിലെ 8 നവവൈദികരെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഈ സംഗമത്തിൽ വച്ച് അനുമോദിക്കുകയും ചെറിയ സമ്മാനങ്ങൾ നല്കുകയും ചെയ്തു.

*MV 7 /2016* **ദേശീയ കൗൺസിൽ**

ജനുവരി 19-20 തീയതികളിൽ മാതൃവേദിയുടെ ദേശീയ കൗൺസിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി.

*MV 8 /2016* **രൂപതാ കൗൺസിൽ**

മാതൃവേദിയുടെ രൂപതാ കൗൺസിൽ ഫെബ്രുവരി 1-ാം തീയതി നെസ്റ്റിൽ വച്ച് കൂടുന്നു.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 4 /2016* **സൗജന്യ ചികിത്സാ സഹായം**

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ സമിതിയുടെ ചികിത്സാസഹായഫണ്ടിൽ നിന്നും രൂപതയിലെ ഒരു കിഡ്നി രോഗിക്ക് 20000 രൂപ ചികിത്സാസഹായമായി നല്കുകയുണ്ടായി.

*AKCC 5 /2016* **കാർഷികദിനം ആചരിച്ചു**

ആഗോള കർഷകദിനാചരണത്തിന്റെ ഭാഗമായി കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ 15-01-2016-ന് തൊടുപുഴയിൽ കർഷകറാലിയും പൊതുസമ്മേളനവും നടത്തുകയുണ്ടായി. തൊടുപുഴ പ്രൈവറ്റ് ബസ് സ്റ്റാന്റിനു സമീപത്തുനിന്നാരംഭിച്ച റാലി കത്തോലിക്കാ കോൺഗ്രസ് കേന്ദ്രജനറൽ സെക്രട്ടറി അഡ്വ. ബിജു പറയന്നിലം ഉദ്ഘാടനം ചെയ്തു. തൊടുപുഴ ഗാന്ധിസ്ക്വയറിൽ നടത്തിയ പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് പ്രൊഫ. ജോസുകുട്ടി ജെ. ഒഴുകയിലാണ്. എല്ലാ രീതിയിലും തകർന്നടിഞ്ഞിരിക്കുന്ന നമ്മുടെ കാർഷിക മേഖലയെ സംരക്ഷിക്കുവാൻ സഭയും സഭാമക്കളും ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സമ്മേളനം വിലയിരുത്തി. റാലിയും സമ്മേളനവും ഭംഗിയായി നടത്തുവാൻ കത്തോലിക്കാ കോൺഗ്രസിന്റെ രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികളും കർഷകവേദിയുടെ ഭാരവാഹികളും നേതൃത്വം നൽകി.

*Director*



## Emmanuel Retreat Centre, Vazhakulam

*ERC 3 /2016* **ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ**

1 ആദ്യവ്യാഴം (04-02-2016)
"ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.

2 ആദ്യ ശനി (06-02-2016)
"എമ്മാനുവേൽ ഏകദിന കൺവെൻഷൻ"- 9.00 am മുതൽ 3.00 pm വരെ. (ജപമാല, വി. കുർബാന, വചനശുശ്രൂഷ, ദൈവകരുണയുടെ നൊവേന, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, അഭിഷേകപ്രാർത്ഥന, രോഗശാന്തി ശുശ്രൂഷ)

3 രണ്ടാം ശനിയാഴ്ച (13-02-2016)
"എമ്മാനുവേൽ ക്രിസ്റ്റീൻ കൺവെൻഷൻ"
9.00 am മുതൽ - 1.00 pm വരെ.
(6 വയസ്സുമുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി) (ജപമാല, സ്തുതി, ആരാധന, വചനപ്രഘോഷണം, വി. കുർബാന, ആന്തരികസൗഖ്യ ആരാധന, കൈവയ്പ്പ് ശുശ്രൂഷ.)

4 18-02-2016 വ്യാഴം
"കരുണയുടെ അഖണ്ഡ ജപമാല", 9.30 am-ന് ആരംഭിച്ച് 5.30 pm-ന് വിശുദ്ധ കുർബാനയോടുകൂടി സമാപിക്കും.

5 26-02-2016 മാസാവസാന വെള്ളി
"രാത്രി ആരാധന" (Night Vigil) 4.30 pm മുതൽ 10.00 pm വരെ.
കുരിശിന്റെ വഴി, ജപമാല, വി. കുർബാന, വചനപ്രഘോഷണം, ദൈവകരുണയുടെ നൊവേന, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, രോഗശാന്തി ശുശ്രൂഷ, ജപമാലപ്രദക്ഷിണം. രാത്രി 10.00 മണിക്ക് അവസാനിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 3 /2016* **കോതമംഗലം സബ് സോൺ**

കോതമംഗലം സബ് സോണിന്റെ നേതൃത്വത്തിൽ ജനുവരി 15 വെള്ളിയാഴ്ച ഏകദിന കുടുംബവിശുദ്ധീകരണധ്യാനം നടന്നു. കറു

കുറ്റി നസ്രത്ത് ധ്യാനകേന്ദ്രത്തിലെ സിസ്റ്റർ അമൽ സി.എസ്.എൻ. ധ്യാനം നയിച്ചു. ദിവ്യകാരുണ്യ ആരാധനയോടെ ധ്യാനം സമാപിച്ചു.

*PG 4 /2016* **കോതമംഗലം സോണൽ സർവീസ് ടീം**

ജനുവരി 4 തിങ്കളാഴ്ച കോതമംഗലം സോണൽ സർവീസ് ടീം വാഴക്കുളം എമ്മാനുവൽ ധ്യാനകേന്ദ്രത്തിൽ വച്ച് ചേർന്നു. ജനുവരി 26-ാം തീയതി സോണൽ പ്രാർത്ഥനാദിനമായി ആചരിക്കുകയും അന്നേദിവസത്തെ പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ജീവജ്വാല ചീഫ് എഡിറ്റർ ബ്ര. ഷാജി വൈക്കത്തുപറമ്പിൽ നേതൃത്വം നൽകുകയും ചെയ്തു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 6/2016* **കോതമംഗലം, മൂവാറ്റുപുഴ മേഖലാ തീർത്ഥാടനം**

വെളിയേൽച്ചാൽ, നെല്ലിമറ്റം, വാഴപ്പിള്ളി, മൂവാറ്റുപുഴ എന്നീ കൂട്ടായ്മകളിൽ നിന്നും 2016 ജനുവരി 30-ന് ഇടപ്പള്ളി, പൊന്നുരുന്നി, വല്ലാർപ്പാടം, അങ്കമാലി തുടങ്ങിയ ദൈവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുന്നതിന് തീരുമാനമെടുത്തു.

*SFO 7/2016* **വായനശാല**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ സഹായത്തോടെ മൂവാറ്റുപുഴ, കോതമംഗലം എന്നിവിടങ്ങളിലെ രണ്ടു ഹോസ്പിറ്റലുകളിൽ രോഗികൾ, സഹായികൾ, നേഴ്സുമാർ എന്നിവരുടെ ആത്മീയ ഉണർവ്വിനുവേണ്ടി ആത്മീയവും ധാർമ്മികവുമായ പുസ്തകങ്ങൾ ഉൾപ്പെടുത്തി ഗ്രന്ഥശാല തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി.

*SFO 8/2016* **തീർത്ഥാടനം**

പള്ളിക്കാമുറി ഭ്രാതൃത്വം ദൈവകരുണയുടെ വർഷത്തിൽ ഫെബ്രുവരി 13, 2016-ൽ പാലയൂർ, പാവറട്ടി, പഴുവിൽ, തൃശൂർ എന്നീ സ്ഥലങ്ങളിലെ ദൈവാലയങ്ങളിലേക്ക് തീർത്ഥാടനം നടത്തുവാൻ തീരുമാനിച്ചു.



*SFO 9/2016*

ദൈവകരുണയുടെ വർഷത്തിൽ കാരുണ്യപ്രവൃത്തികൾക്കുവേണ്ടി ഒരു പദ്ധതി തുടങ്ങുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായി.

*SFO 10/2016*

Green Chapter 2015-ന്റെ കണക്കുകൾ അവതരിപ്പിച്ചു. വരവ് ₹ 46445. ചെലവ് ₹ 41310. നീക്കിയിരുപ്പ് ₹ 5135.

*SFO 11/2016* **നൈറ്റ് വിജിൽ**

ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ 2016 ജനുവരി 8-ന് കോതമംഗലം കത്തീഡ്രലിൽ വച്ചു നടന്ന ദൈവവിളി പ്രോത്സാഹന രാത്രിആരാധനയിൽ ഫ്രാൻസിസ്കൻ അല്മായ സഭയുടെ യൂത്ത് വിംഗിൽ നിന്നും 8 പേർ പങ്കെടുത്തു. ഗാനശുശ്രൂഷ, പ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകി.

*SFO 12/2016*

SFO പെരുമ്പല്ലൂർ ഭ്രാതൃത്വം വേളാങ്കണ്ണി മരിയൻ ദൈവാലയത്തിലേക്ക് 15 ജനുവരി 2016- ൽ തീർത്ഥാടനം നടത്തി.

*Director*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Feb. 3 - 5 | - | വിവാഹഒരുക്കസെമിനാർ |
| " 5 | - | ലിറ്റർജിക്കൽ മീറ്റിംഗ് |
| " 9 | - | പ്രസ്ബിറ്റേറിയം |
| " 13 | - | Contact Class |
| " 17 - 19 | - | വിവാഹഒരുക്ക സെമിനാർ |

*Director*

## വാർത്തയും വിശേഷങ്ങളും

### ദൈവശാസ്ത്രകമ്മീഷന്റെ ആഭിമുഖ്യത്തിൽ പഠനശിബിരം

2016 ഫെബ്രുവരി 5 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.00 മണി വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് സീറോ മലബാർ ദൈവശാസ്ത്ര കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഒരു പഠനസമ്മേളനം നടത്തുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽ നിന്നും ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തിയ വൈദികരെയും, സന്യസ്തരെയും, അല്മായരെയും ഈ സമ്മേളനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

വിഷയം: കരുണയുടെ മുഖം.

ക്ലാസ് നയിക്കുന്നത് : റവ. ഡോ. ജോസഫ് പാംപ്ലാനി

### വൈദികർക്കും സന്യസ്തർക്കും സെമിനാർ

മൂവാറ്റുപുഴ നെസ്റ്റിൽ മാർച്ച് 9-ാം തീയതി ബുധനാഴ്ച 'മാനുഷിക ഗുണങ്ങളും മനുഷ്യബന്ധങ്ങളും അജപാലനത്തിൽ' എന്ന വിഷയത്തെക്കുറിച്ച് വൈദികർക്കും സന്യസ്തർക്കുമായി ഒരു ഏകദിന സെമിനാർ നടത്തുന്നു.

| | | |
|---|---|---|
| സമയം | : | 9.30 am മുതൽ 3.30 pm വരെ. |
| സ്ഥലം | : | നെസ്റ്റ്, മൂവാറ്റുപുഴ |
| നയിക്കുന്നത് | : | റവ. ഡോ. ജോർജ് മണലേൽ V.C. |

പങ്കെടുക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം (See below).

### പരമ്പരാഗത ശൈലിയിൽ അല്മായർക്ക് ധ്യാനം (Residential)

ധ്യാനം മൂവാറ്റുപുഴ നെസ്റ്റിൽ മാർച്ച് 12-ാം തീയതി ശനിയാഴ്ച രാവിലെ 9.00 മണിക്ക് ആരംഭിച്ച് 14-ാം തീയതി തിങ്കൾ 4.00 മണിക്ക് സമാപിക്കുന്നു. രൂപതയിലെ ബഹുമാനപ്പെട്ട വൈദികരാണ് ധ്യാനം നയിക്കുന്നത്. പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം (See below).



### അല്മായർക്ക് തിയോളജി കോഴ്സ്

ഏപ്രിൽ രണ്ടാം തീയതി ശനിയാഴ്ച മുതൽ തുടർന്നുള്ള എല്ലാ ശനിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.00 മുതൽ 7.00 മണിവരെ നെസ്റ്റിൽ വച്ച് അല്മായർക്കായി, പ്രത്യേകിച്ച് വിശ്വാസപരിശീലകർക്കായി ദൈവശാസ്ത്രകോഴ്സ് നടത്തുന്നു. പങ്കെടുക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം (See below).

NB. മുകളിൽ പറഞ്ഞ പരിപാടികൾക്കായി പേര് രജിസ്റ്റർ ചെയ്യുന്നതിന് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ വിളിക്കുകയോ ഇ-മെയിൽ അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

Ph. No. 0485 2830033, 9495011191, 9142588488

E- Mail : nesttdirector@gmail.com

### ജീവമെഡിക്കൽസിന്റെ പുതിയശാഖകൾ പ്രവർത്തനം ആരംഭിച്ചു

ജീവ മെഡിക്കൽസിന്റെ ഓരോ ശാഖകൾ തൊടുപുഴയിലും വാഴക്കുളത്തും ഡിസംബർ 28-ാം തീയതി പെരിയ ബഹു. മോൺ. ജോർജ് ഓലിയപ്പുറം വെഞ്ചരിച്ചു. തൊടുപുഴയിൽ ടൗൺ പള്ളിയിലേക്കുള്ള റോഡിന്റെ വലതുവശത്ത് ആദ്യത്തെ മുറിയിലും (പള്ളി കെട്ടിടം), വാഴക്കുളത്ത് കല്ലൂർക്കാട് ജംഗ്ഷനിലുള്ള സഹകരണ ബാങ്കിന്റെ കെട്ടിടത്തിലുമാണ് മെഡിക്കൽ സ്റ്റോർ ആരംഭിച്ചിരിക്കുന്നത്. തൊടുപുഴയിൽ ബഹു. ജോസ് പുല്ലോപ്പിള്ളിൽ അച്ചനും വാഴക്കുളത്ത് ബാങ്ക് പ്രസിഡന്റ് ശ്രീ. ജോസ് പെരുമ്പിള്ളിക്കുന്നേലും വിതരണോദ്ഘാടനം നിർവഹിച്ചു.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ**

17 • വാഴക്കുളം കർമ്മലീത്താ മഠത്തിൽ സി. ജരാർദ്ദ് സി.എം.സി. (വട്ടക്കുഴിയിൽ, കലൂർ) യുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- വേട്ടാമ്പാറ, മുണ്ടയ്ക്കൽ ജോയി സ്കറിയയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 • മൂവാറ്റുപുഴ സബ്ജയിലിൽ രൂപതാ ജയിൽ മിനിസ്ട്രി അംഗങ്ങളുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസിന്റെ ഭാഗമായി വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- മൂവാറ്റുപുഴ, നിർമ്മല ഹോസ്പിറ്റലിലെ കാർഡിയോളജി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തന ഉദ്ഘാടന സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.
- പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്, ബിഷപ്പ്സ് ഹൗസ്
- വാഴക്കുളം സെന്റ് ജോർജ് പാരീഷ് ഹാളിൽ നടന്ന രൂപതാ ഫ്രാൻസിസ്കൻ അല്മായ മൂന്നാം സഭയുടെ വാർഷികയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20 • പള്ളിക്കാമുറി ലിറ്റിൽ തെരേസാസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

21 • ആനിക്കാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ യുവജനങ്ങൾക്കായി സംഘടിപ്പിച്ച അവധിക്കാല സെമിനാറിൽ പങ്കെടുത്ത് ആമുഖപ്രഭാഷണം നടത്തുകയും സെമിനാറിന്റെ ഉദ്ഘാടനം ഔദ്യോഗികമായി നിർവ്വഹിക്കുകയും ചെയ്തു.

- ഊന്നുകൽ ഇടവക വരയണാട്ട് സജി-റീന ദമ്പതിമാരുടെ നാലാമത്തെ കുട്ടി ഗീവർഗീസിന്റെ പ്രവേശക കൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
- ബിഷപ്പ്സ് ഹൗസിൽ ചേർന്ന രൂപതയിലെ സന്യാസിനീസഭകളിലെ പ്രൊവിൻഷ്യൽ ടീമുകളുടെ സംഗമത്തിൽ പങ്കെടുക്കുകയും ക്രിസ്തുമസ് ആശംസകൾ നേരുകയും ഒപ്പം കരുണയുടെ വർഷത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെയും ഒരുമിച്ചു ചെയ്യേണ്ട കാര്യങ്ങളെയും കുറിച്ച് തീരുമാനിക്കുകയും ചെയ്തു.

23 • മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ, ഡോ. ജോർജ്ജ് കാരക്കുന്നേൽ എഡിറ്റ് ചെയ്ത 'വഴിതെറ്റാത്ത വിശ്വാസം' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചു.



25 • കോതമംഗലം കത്തീഡ്രലിൽ പിറവിത്തിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 • കോതമംഗലം കത്തീഡ്രലിൽ നടന്ന ബഹു. ജോസ് മൈലാടിയത്ത് അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷത്തിൽ ആസംസകളർപ്പിച്ച് സംസാരിച്ചു.

- അഞ്ചിരി ഇടവകാംഗങ്ങളായ ബഹു. തോമസ് വിലങ്ങുപാറയിൽ, ജയിംസ് വട്ടോടിയിൽ CMI എന്നീ ഡീക്കന്മാർക്ക് വൈദികപട്ടം നൽകി.
- മാറിക സെന്റ് ജോസഫ് ഇടവകയിൽ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ച ബഹു. നന്ദലത്ത് ഫ്രാൻസീസ് അച്ചന് ഭവനത്തിലെത്തി ആശംസകൾ അറിയിച്ചു.
- പുറപ്പുഴ, വീച്ചാട്ട് മേരി കുര്യാക്കോസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 • മാമലക്കണ്ടം സെന്റ് ജോർജ് ഇടവകയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

- പഴമ്പിള്ളിച്ചാൽ ഇടവകയിൽ ഇടവകാംഗങ്ങളെ അഭിസംബോധന ചെയ്ത് സന്ദേശം നൽകി.
- പരിശക്കല്ല് ഇൻഫന്റ് ജീസസ് ഇടവകയിൽ പുതിയതായി പണിതുകൊണ്ടിരിക്കുന്ന പള്ളിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഇടവകാംഗങ്ങളോടൊപ്പം കുറച്ചുസമയം ചെലവഴിക്കുകയും ചെയ്തു.
- കോതമംഗലം രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് പഞ്ചായത്ത് - ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്കും മുൻസിപ്പാലിറ്റികളിലേക്കും ഉള്ള തദ്ദേശ സ്വയഭരണ തെരഞ്ഞെടുപ്പിൽ വിജയിച്ചവരെ ഒരുമിച്ചുകൂട്ടിയുള്ള മീറ്റിംഗിൽ പങ്കുചേർന്നു.

28 • തോട്ടക്കര ഇടവകാംഗമായ പോത്തനാമൂഴി ബഹു. സെബാസ്റ്റ്യൻ ഡീക്കന് വൈദികപട്ടം നൽകി.

29 • പൈങ്ങോട്ടൂർ ഇടവകാംഗങ്ങളായ കപ്യാരുമലയിൽ ബഹു. തോമസ് SJ, ജോസഫ് ഡീക്കന്മാർക്ക് വൈദികപട്ടം നൽകി.

- CSN കോതമംഗലം പ്രൊവിൻസ് അംഗം സി. ഗൊരേറ്റിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

30 • നെയ്യശ്ശേരി ഇടവകാംഗങ്ങളായ ബഹു. ഡീ. ഇമ്മാനുവേൽ മുണ്ടയ്ക്കൽ, ഡീ. ജോസഫ് താണിക്കൽ, ഡീ. ജോസഫ് വട്ടക്കുന്നേൽ CST, ഡീ. ലൂക്ക് പടിഞ്ഞാറേക്കുറ്റ് CST എന്നിവർക്ക് വൈദികപട്ടം നൽകുകയും വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

31 • പുറപ്പുഴ ഇടവകയിൽ സംഘടിപ്പിച്ച സമർപ്പിത സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും വി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

**ജനുവരി**

1 • മൂവാറ്റുപുഴ ഹോളി മാഗി ഇടവകയുടെ കീഴിൽ ആരക്കുഴ റോഡിനോട് ചേർന്ന് പുതിയതായി നിർമ്മിച്ച വി. അന്തോനീസിന്റെ നാമധേയത്തിലുള്ള കപ്പേളയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

2 • ഞാറക്കാട് ഇടവകാംഗം ചിരപ്പറമ്പിൽ ബഹു. ജോസ് മ്ശംശാനയ്ക്ക് വൈദികപട്ടം നൽകി.

- കെ.സി.എസ്.എൽ സംഘടനയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി രൂപതാ കെ.സി.എസ്.എൽ. വാഴക്കുളം വിശ്വജ്യോതി കോളേജിൽ സംഘടിപ്പിച്ച ശതാബ്ദി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

3 • തൊടുപുഴ ഇടവകാംഗമായ കളത്തൂർ ബഹു. പോൾ മ്ശംശാനയ്ക്ക് വൈദികപട്ടം നൽകി.

4 • മലയിഞ്ചി ഇടവകാംഗമായ കണ്ണമ്പിള്ളിയിൽ ബഹു. കുര്യാക്കോസ് മ്ശംശാനയ്ക്ക് വൈദികപട്ടം നൽകി.

- തൊടുപുഴ ന്യൂമാൻ കോളേജിൽ ചേർന്ന സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകി.

5 • സത്ന രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കൊടകല്ലിൽ പിതാവിന്റെ പൗരോഹിത്യ രജതജൂബിലിയുടെ ഭാഗമായി കത്തീഡ്രലിൽ നടന്ന കൃതജ്ഞതാബലിയിൽ ആശംസകളർപ്പിച്ച് സന്ദേശം നൽകി.

- ഗുഡ്നെസ് ടിവിയുടെ 'ശമറായൻ' പരിപാടിയിലൂടെ കുട്ടമ്പുഴ ഇടവകാംഗമായ ജനീഷയുടെ ചികിത്സാർത്ഥം ശേഖരിച്ച 11,00000 രൂപയുടെ ചെക്ക് ഗുഡ്നെസ് ചാനൽ ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ വല്ലൂരാൻ VCയുടെയും ചാനൽ എ. ഡി. ശ്രീ. പീറ്റർ കെ. ജോസിന്റെയും സാന്നിധ്യത്തിൽ അഭിവന്ദ്യ പിതാവ് ജനീഷയ്ക്ക് കൈമാറുകയും പ്രാർത്ഥനാശംസകൾ അർപ്പിക്കുകയും ചാനലിന്റെ ഇതര പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.



6 • കാളിയാർ ഇടവക മുണ്ടയ്ക്കൽ ജോബി-വിനീത ദമ്പതിമാരുടെ നാലാമത്തെ കുട്ടി ജോർജ്ജിന്റെ പ്രവേശകകൂദാശാകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- പുറപ്പുഴ, വടക്കുംമുറി സെന്റ് ജോസഫ് ക്നാനായ പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.
- രൂപതയിലെ നവവൈദികരായ 8 പേർക്ക് രൂപതാകേന്ദ്രത്തിൽ സ്വീകരണം നൽകി.

7-12• സിനഡ് മീറ്റിംഗ്, കാക്കനാട്

10 • രൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലെയും PTA പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കായി നടത്തിയ ഏകദിന സെമിനാറിൽ സന്ദേശം നൽകി.

- പെരുമ്പല്ലൂർ വി. പത്താം പീയൂസ് ഇടവകയിൽ തിരുനാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും പുതിയ പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

16 • കിഴക്കമ്പലം, കരീത്തറ അജിൽ (ബെൻസൺ)-ശ്രുതി (ആൻ) ദമ്പതിമാരുടെ വിവാഹം ഇടപ്പള്ളി സെന്റ് ജോർജ്ജ് ദൈവലായത്തിൽ വച്ച് ആശീർവദിച്ചു.

- മൈലക്കൊമ്പ് സെന്റ് തോമസ് ഇടവകയിൽ പുതിയതായി നിർമ്മിച്ച പാരീഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

17 • നാടുകാണി സെന്റ് തോമസ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

18 • മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ നടന്ന ശാലോം ഫെസ്റ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.

19 • ഞാറക്കാട് ലൗ ഹോമിൽ വി. ബലിയർപ്പിക്കുകയും ലൗഹോം അംഗങ്ങളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.
- മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ മാതൃവേദി സംസ്ഥാന ലീഡേഴ്സ് മീറ്റിംഗിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

## Bishop's Engagements

**February 2016**

| | | | | |
|---|---|---|---|---|
| 1 | Mon | Engaged | | |
| 2 | Tue | Vestition CSN | Cathedral | 10.30 am |
| | | Holy Qurbana | Pazhanganad | 0400 pm |
| 3 | Wed | Festal Meeting | Minor Seminary | 06.00 pm |
| 4 | Thu | Episcopal Consecration | Kanjirappally | 02.00 pm |
| 5 | Fri | Doctrinal Commission's Theological Study Forum | NESTT | 09.30 am-02.30 pm |
| 6 | Sat | Blessing | Kalloorkad HSS | 10.30 am |
| 7 | Sun | Pastoral Visit | Marika | |
| 9 | Tue | Presbyterium | NESTT | |
| 10 | Wed | Holy Qurbana | Vazhakulam Bible Convention | 05.00 pm |
| 11 | Thu | Seminary Commission | Mangalapuzha | |
| 13 | Sat | Engaged | | |
| 14 | Sun | Pastoral Visit | Karimannoor | |
| 19 | Fri | Message | Velielchal | 05.00 pm |
| 21 | Sun | Pastoral Visit | Thodupuzha | |
| 25 | Thu | Holy Qurbana | Karimannoor | 10.00 am |
| 28 | Sun | Pastoral Visit | Vannappuram | |

### നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. തോമസ് ചെമ്പരത്തി | ചരമദിനം | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |



## നിര്യാതരായി

### സി. ജരാർദ്ദ് CMC (വട്ടക്കുഴിയിൽ)

| | | |
|---|---|---|
| ഇടവക | : | കല്ലൂർ |
| ജനനം | : | 15-09-1927 |
| ആദ്യവ്രതം | : | 02-02-1954 |
| നിത്യവ്രതം | : | 16-05-1958 |
| മരണം | : | 15-12-2015 |
| മൃതസംസ്കാരം | : | 17-12-2015 |

### സി. ഗോരേറ്റി CSN

| | | |
|---|---|---|
| ഇടവക | : | ആരക്കുഴ |
| ജനനം | : | 14-06-1936 |
| ആദ്യവ്രതം | : | 26-03-1960 |
| നിത്യവ്രതം | : | 10-08-1965 |
| മരണം | : | 28-12-2015 |
| മൃതസംസ്കാരം | : | 29-12-2015 (രാമല്ലൂർ) |

### സി. ലിസി (തോട്ടുപാട്ട്) SABS

| | | |
|---|---|---|
| ഇടവക | : | കോടിക്കുളം |
| ജനനം | : | 13-06-1939 |
| ആദ്യവ്രതം | : | 24-04-1965 |
| നിത്യവ്രതം | : | 24-05-1969 |
| മരണം | : | 07-01-2016 |
| മൃതസംസ്കാരം | : | 09-01-2016 (മാറിക) |